# ഫിലിം വിഷൻ

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

Website : www.filca.in E-mail: filcakerala@gmail.com

PH:8089036090

വോള്യം -8 ലക്കം -134 ജനുവരി 2025 മലയാളം - ഇംഗ്ലീഷ്


**FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission , Thalasthana Pourasamithi and other Cultural organisations .**

## ജി.അരവിന്ദൻ ഫിലിം ഫെസ്റ്റിവൽ

പ്രമേയം : കേരളീയ പ്രതിഭാ സിനിമ

# ARAVINDAN FILM FESTIVAL






Kalliyoor Sasi ( Producer, Vice President, Kerala Film Chembar)



Dr. Mohandas ( Utharayanam Fame)



G. Mohan ( Brother of G. Aravindan)



ഉത്തരായനം



കാഞ്ചന സീത



തമ്പ്



എസ്തപ്പാൻ

FILCA 25th YEAR

**26 SUNDAY JANUARY 2025**

**Joint Council Hall, Near Press Club, Trivandrum.**

*Free Entry / All are welcomed*

January Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

G.ARAVINDAN FILM FESTIVAL









കാഴ്ചകളുടെ
ലോകത്തിലൂടെ
വിജ്ഞാനത്തിലേക്ക്
ജോയിന്റ് കൗൺസിൽ
നന്മ ഫിലിം സൊസൈറ്റി

# ജി.അരവിന്ദൻ
## (23 ജനുവരി 1935– 15 മാർച്ച് 1991)



# പി . ജയചന്ദ്രൻ
## ( 3 മാർച്ച് 1944 - 9 ജനുവരി 2025 )




എന്റെ കേരളം എന്നും സുന്ദരം
ലോകത്തെ കേരളം കാണിക്കൂ!
കേരളത്തിന്റെ ഭംഗി ലോകത്തെ അറിയിക്കാൻ കേരള ടൂറിസം വകുപ്പിനൊപ്പം നിങ്ങളും പങ്കുചേരൂ. സ്വന്തം നാടിന്റെ ഒരു വീഡിയോ തയ്യാറാക്കി നിങ്ങളുടെ സോഷ്യൽ മീഡിയ പേജിൽ #entekeralamennumsundaram എന്ന ഹാഷ്ടാഗിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക്/ഇൻസ്റ്റഗ്രാം പേജ് ടാഗ് ചെയ്ത് (@keralatourism) അപ്‌ലോഡ് ചെയ്യൂ. തിരഞ്ഞെടുക്കുന്ന മികച്ച ദൃശ്യങ്ങൾ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക മ്യൂസിക് വീഡിയോയിൽ ഉൾപ്പെടുത്തുന്നതാണ്.
Maitri.com
കേരള സർക്കാർ
kerala
God's Own Country



KSFE
ഗാലക്സി
ചിട്ടികൾ
2024 ഏപ്രിൽ 1 മുതൽ
2025 ഫെബ്രുവരി 28 വരെ
മെഗാ ബമ്പർ സമ്മാനം
1
മെഴ്സിഡസ് ബെൻസ് കാർ
75
ബമ്പർ സമ്മാനം
17
ഇന്നോവ കാറുകൾ
25
KGC സീരീസ് 2
2024 ജൂലായ് 1 മുതൽ
ഒക്ടോബർ 31 വരെ
25,000
3500
KSFE
Toll Free Helpline
1800-425-3455

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL
KSFDC



# FILCA QUIZ PROGRAM JANUARY FILM FESTIVAL 2025


## Thanks to Sponsors of Quiz Competition program January 2025

1. Karthikeyan, Jana Oushadhi Medical Shop Edapazhanji Jn.
2. Sureshkumar. C. , Beam Film Society.
3. Adv.Boby Jacob, Mannarghat.
4. Dr. Vilasini , Vazhuthacaud.
5. Shahin Shah.
6. Betty John.
7. Medha Sarath.
8. Rajan Osten
9. Xavier. A.F. .
10. Kishore Kumar , Trivandrum Institute.




## WINNERS - STUDENTS SECTION

### 1 st Prize



Sreeraji .K.R. , Karyavattam Uni. Campus,



Meenakshi Ajay , Karyavattam Uni. Campus

### 2nd Prize



Dhanjayan . S.S. , Karyavattam Uni. Campus,



Adharsh. K. Murali Karyavattam Uni. Campus,

### 3rd Prize



Ajay Soorya. , IGNOU,



Ameena Parveen , Fortune Academy

### Sr. Section



1 st Prize Rakesh.T.P



2 nd Prize Ayyappadas. P.S






# FILM VISION
# DIGITAL FILM MAGAZINE
## WHATS INSIDE January 2025

INDEX

1. പ്രേക്ഷക ധ്രുവീകരണത്തിന്റെ ദിനരാത്രങ്ങൾ - ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 12

2. എസ്തപ്പാന്റെ സ്വന്തം അരവിന്ദനും രാജൻ കാക്കനാടനും– ഓർമ്മകൾ –സാബു ശങ്കർ (ഫിൽക്ക) 15

3. കേരളീയ സിനിമയുടെ കാഞ്ചന കാലം – ഗിരിജ സുരേന്ദ്രൻ ,ഫിൽക്ക. 19

4. ജി.അരവിന്ദൻ – ജീവചരിതം– ജ്യോതിഷ്കുമാർ . പി . എസ് , ഫിൽക്ക. 24

5. പൊയ്മുഖങ്ങൾ ചീന്തിയെറിഞ്ഞ രാഷ്ട്രീയസിനിമ – ഉത്തരായണം – ജോൺ തോമസ് , ഫിൽക്ക. 27

6. കാഞ്ചന സീത – വിനോദ്കുമാർ .പി,ഫിൽക്ക. 30

7. തമ്പ് –ഡോ. പി.അജികുമാർ ,ഫിൽക്ക. 34

8. ഒറ്റയ്ക്ക് നടക്കുന്ന ദാർശനികൻ : ജി അരവിന്ദന്റെ ഡോക്യുമെന്ററി –ജിജോ ജേക്കബ്,ഫിൽക്ക. 38

9. വാർദ്ധക്യവും സ്മൃതി നാശവും പ്രമേയമായ നവംബർ ചലച്ചിത്രമേള –( പ്രതികരണം ) ജോൺ തോമസ് , ഫിൽക്ക.. 40

10. പ്രസക്തമായ ചലച്ചിത്രോത്സവ വിഷയങ്ങൾ : ഫിലിം ജേർണലിസം പരിശീലനം – (വാർത്ത )– സാം ആന്റണി, ഫിൽക്ക. 45


Website:www.filca.in Email:filcakerala@gmail.com

# FILM VISION

PROGRAM INAUGURATION:

Joint Council A/C Hall, Near Press Club, Trivandrum.

26 SUNDAY JANUARY 2025

FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission, Thalasthana Pourasamithi and other Cultural organisations.


## G. ARAVINDAN FILM FESTIVAL 2025

Filca

3:00 PM

**Inauguration & Quiz winners prize distribution**


Welcome speech : **DR. B. RADHAKRISHNAN** (President Filca Film Society)



Presided over : **JAYACHANDRAN KALLINKAL** (State General Secretary,Joint Council).




Inauguration : **KALLIYOOR SASI** (Producer, Vice President, Kerala Film Chembar.)



Aravindan Commemoration: **DR. MOHANDAS** (Utharayanam Fame)



Aravindan Memories: **G. Mohan** (Brother of G. Aravindan)



Aravindan & Dimensions of Innovative Cinema: **SABU SANKAR** (Novelist, Film Author, Director, Sr. Journalist)



Certificate & Prize Distribution Announcement and Gratitude: **GIRIJA SURENDRAN** (Actress & Vice President, FILCA)



free entry (admisson to people are above 18 years old) all are welcomed

# FILM VISION
## January Film Festival 2025

FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission, Thalasthana Pourasamithi and other Cultural organisations .

| 26 Sunday , January,2025 | SCREENING SCHEDULE | Joint Council Building, Near Press Club ,Trivandrum. |
|---|---|---|

FILCA

10:00 am-
UTHARAYANAM

12:10 pm
KANCHANA SEETHA

1:40 pm
Lunch break


3:00 pm
Inauguration and Film
THAMPU


6:00 pm
ESTHHAPPAN


## G. ARAVINDAN FILM FESTIVAL 2025











FILCA film society, Trivandrum

filcakerala@gmail.com

PH: 80890 36090

# പ്രേക്ഷക ധ്രുവീകരണത്തിന്റെ ദിനരാത്രങ്ങൾ



**Dr. B. Radhakrishnan**
(President, Filca Fim Society)

കഴിഞ്ഞ വർഷം ഭാരതത്തിൽ നിർമ്മിക്കപ്പെട്ട മികച്ച സിനിമകൾ ഉൾപ്പെടുന്ന പാക്കേജാണ് ഇന്ത്യൻ പനോരമ . സൂര്യ ഫിലിം സൊസൈറ്റി ജനുവരി 11 മുതൽ 20 വരെ ഇന്ത്യൻ പനോരമ പ്രദർശിപ്പിച്ചിരുന്നു. പണ്ട് മികച്ച സിനിമകൾ മാത്രമേ ഈ പാക്കേജിൽ ഉണ്ടായിരുന്നുള്ളൂ. അക്കാലത്ത് ഇന്ത്യൻ പനോരമയിലെ സിനിമകൾ കാണുമ്പോൾ ദേശീയ അവാർഡ് വരെ നിർണ്ണയിക്കാൻ കഴിയുമായിരുന്നു . സാംസ്കാരിക - രാഷ്ട്രീയ രംഗത്തുായ വ്യതി യാനം കണക്കിലെടുത്താൽ തന്നെയും ഇന്ത്യൻ പനോരമയിൽ 80 % മികച്ച സിനി മകൾ തന്നെയാണ് . എന്നാൽ സൗജന്യ പ്രദർശനം ആയിട്ടുപോലും പ്രേക്ഷകരുടെ സാന്നിധ്യത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിരിക്കുന്നു . ശരാശരി നിലവാരം പോലുമില്ലാത്ത , സീരിയലുകൾ പോലുള്ള പലതരം കാര്യങ്ങളിൽ ചെലവിടാൻ പ്രേക്ഷകർക്ക് സമയമുണ്ടുതാനും . ഇവിടെ ഒരു ചോദ്യം ഉയരുന്നു . കേരളത്തിൽ പ്രേക്ഷക ധ്രുവീകരണം (പോളറൈസേഷൻ ) ഗണ്യമായ അളവിൽ സംഭവിക്കുന്നുണ്ടോ.

മികച്ച സാഹിത്യം, ചിത്രകല, ചലച്ചിത്രം , മറ്റ് കലാസൃഷ്ടികൾ , ലൈബ്രറി , എന്നിവയൊക്കെ കാണാൻ, വായിക്കാൻ, അറിയാൻ, ആസ്വദിക്കാൻ, ചിന്തിക്കാൻ, പ്രതികരിക്കാൻ, ഒത്തൊരുമിക്കാൻ, ഇന്ന്

മലയാളികൾക്ക് ഒട്ടും സമയമില്ല എന്നാണ് കേൾക്കുന്നത്.....ആർക്കും സമയമില്ല. സമയം എവിടെ പോകുന്നു ? സമയം ഇല്ലെന്നു പറയുന്നതാണോ ശരി ? അതോ താൽപ്പര്യം ഇല്ലെന്ന് പറയുന്നതാണോ ശരി ? എന്നാൽ മറ്റ് ചില താൽപ്പര്യങ്ങൾക്ക് സമയം ഉണ്ടുതാനും . ആസ്വാദനത്തിലെ ഈ വൈരുധ്യം ഒരു സാമൂഹിക വിഷയമാണ് . കേരളം ഒരു സാംസ്കാരിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണോ ?

ലോകത്ത് മറ്റ് സാമ്പത്തിക - ബൗദ്ധിക - ഭൗതിക - സാമൂഹിക വളർച്ച നേടിയ വികസിത രാജ്യങ്ങളിൽ പോലും ഒരു മണിക്കൂറെ ങ്കിലും ഇതര താൽപര്യങ്ങളിൽ പങ്കെടുക്കാൻ പൗരന്മാർക്ക് സമയമുണ്ട്. സാംസ്കാരിക രംഗം അവരുടെ സാമൂഹിക ജീവിതശൈലിയുടെ ഭാഗമാണ് . അറിവിന്റെ , ആനന്ദത്തിന്റെ ഇഷ്ടങ്ങളാണ് . അത് വ്യക്തിത്വത്തെ വികസിപ്പിക്കുന്നു . ഒഴിവു സമയത്ത് എപ്പോഴും ഒരു പുസ്തകം മിക്കവരുടെയും കയ്യിലുണ്ടാവും. വായന യ്ക്ക് ഒരു മണിക്കൂറെങ്കിലും സമയമുണ്ടാവും .എന്നാൽ അത്രയേറെ ജീവിത ദ്രുത ഗതി യില്ലാത്ത കേരളത്തിൽ, ഒന്നിനും സമ യമില്ല എന്ന് പറയുന്ന മലയാളി പൊതുസമൂഹം ഒരുതരം ശൈത്യകാല നിദ്ര യിൽ വീണത് പോലെ . ഇന്റലെക്ചൽ ഹൈബർനേഷൻ ?

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL



1970 – കളിൽ , 1980 – കളിൽ യുവതലമുറ ആവേശത്തോടെ സാംസ്കാരിക രംഗത്ത് സജീവമായിരുന്നു . ഫിലിം സൊസൈറ്റി പ്രസ്ഥാനം,ഗ്രന്ഥശാലാ പ്രസ്ഥാനം,സമാന്തര പ്രസിദ്ധീകരണ പ്രസ്ഥാനം,ശാസ്ത്ര സാഹിത്യ പരിഷത്ത് , യുക്തിവാദി സംഘം, തനത് നാടകവേദി , ആധുനിക കവിത , സമാന്തര സിനി മ എന്നിങ്ങനെ വിവിധ തല ങ്ങളിൽ കേരളം ആധുനിക നവോത്ഥാനത്തിലാ യിരുന്നു . സാമ്പത്തിക സ്വയം പര്യാപ്തത എന്ന ആശയം കൈവെടിഞ്ഞ രാഷ്ട്രീയ ദിശാമാറ്റത്തിന്റെ കഴിഞ്ഞ രണ്ട് പതിറ്റാ ണ്ടുകളിൽ യുവതലമുറ നിലനിൽപ്പിന് വേണ്ടി നാട് വിടാനുള്ള നെട്ടോട്ടത്തിലാ യതിനാൽ ഇവിടെ ഒരു ശൂന്യത തളം കെട്ടി നിൽക്കുന്നുണ്ട് . മികച്ച യുവ പ്രേക്ഷകരുടെ എണ്ണത്തിലും ഇടിവ് സംഭവിച്ചിരിക്കുന്നു .മലയാള സിനിമ യേക്കാൾ ഏറെ മുന്നിലാണ് ബംഗാളി , കന്നഡ , മറാത്തി , ഹിന്ദി കലാസിനിമകൾ .മറ്റു സംസ്ഥാനങ്ങൾ സ്വതന്ത്ര സിനിമ യുടെ കാര്യത്തിൽ ഏറെ മുന്നോട്ട് പോയിരിക്കുന്നു എന്ന കാര്യം വ്യക്തമാ ണ് . ഇന്ത്യൻ പനോരമ കാണാനെത്തിയ പ്രേക്ഷകരുടെ അളവ് പരിശോധിക്കുമ്പോൾ അതിന്റെ കാരണങ്ങൾ കൂടി കണ്ടെത്തേ ണ്ടി വരും. അതൊരു ലിറ്റ്മസ് റിസൾട്ട് ആണ് . കേരളീയ യാഥാർഥ്യമാണ് . സാമൂഹിക പ്രതിഭാസമാണ് . മികച്ച പ്രേക്ഷകരുടെ അസാന്നിധ്യം സാംസ് കാരിക മുന്നേറ്റമല്ല , ജീർണ്ണതയുടേ താണ് .മുൻ കാലങ്ങളെ അപേക്ഷിച്ച് മികച്ച പ്രേക്ഷകരുടെ എണ്ണം ജനസംഖ്യാനു പാതികമായി കൂടേണ്ടതായിരുന്നു. പക്ഷെ കുത്തനെ ഇടിഞ്ഞിരിക്കുന്നു .

8 മണിക്കൂർ അധ്വാനം .8 മണിക്കൂർ വിനോദം. 8 മണിക്കൂർ വിശ്രമം. ഇതൊ ാരു പഴയ രാഷ്ട്രീയ സമവാക്യമാണ്. ഇവിടെ 8 മണിക്കൂറിലധികം അധ്വാനം ഉണ്ടെങ്കിൽ അതിന് ആനുപാതികമായ സാമ്പത്തിക വളർച്ച നേടേണ്ടതായിരുന്നു. വിദേശ കടബാധ്യത ഉണ്ടാവില്ലായിരുന്നു. കേരളത്തിന് സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കാമായിരുന്നു. 8 മണിക്കൂർ വിശ്രമം എന്നതിൽ ചെറിയ വ്യത്യാസം മാത്രം. അപ്പോൾ വിനോദ ത്തിന്റെ 8 മണിക്കൂർ എവിടെ പോകുന്നു? കാലിക വ്യത്യാസം ഉണ്ടെങ്കിൽ തന്നെ കുറഞ്ഞത് 4 മണിക്കൂർ എന്ന് ഗണിക്കുക. ആ 4 മണിക്കൂർ മലയാളി കൾ പാഴാക്കു ന്നുണ്ട് എന്ന് വേണം കരുതാൻ.

സാംസ്കാരിക മണ്ഡലത്തിൽ കാണുന്ന ശൂന്യത. സമയമില്ല എന്ന് പറഞ്ഞ് ഒഴിയുന്ന മനോഭാവത്തിലെ മനഃശാസ്ത്രം. ഇത് പരിശോധിക്കേണ്ടത് തന്നെ. ഇത് ഒരു പ്രത്യേക സാമൂഹിക അവസ്ഥയിലെ മനോ ഭാവത്തിന്റെ പ്രതിഫലനമാണ്. ഇങ്ങനെ പല രാജ്യങ്ങളിലും പലവിധത്തിൽ സംഭവി ച്ചിട്ടുണ്ട്. അതൊക്കെയും അവികസിത ദേശങ്ങളിലെ രാഷ്ട്രീയ അരാജകത്വത്തി നും ആധിപത്യത്തിനും ഇടയിൽ ഞെരുങ്ങി പോകുന്ന സാമ്പത്തിക വ്യവസ്ഥയിലും ജനാധിപത്യ പ്രക്രിയയിലെ അധ:പതന ത്തിലും രൂപപ്പെടുന്ന മനഃശാസ്ത്രം കൂടി യാണ്...

നമ്മുടെ സമൂഹത്തിൽ യഥാർഥ സാഹിത്യം , ചിത്ര കല, ചലച്ചിത്രം തുടങ്ങി വിവിധ കലാരൂപങ്ങൾ മനസിലാക്കുന്ന എത്ര ശതമാനം പേരുണ്ട് ? 10% പോലുമില്ല. രണ്ടായിരത്തിലേറെ അംഗങ്ങളുള്ള ഒരു ഫിലിം സൊസൈറ്റിയിൽ ഇന്ത്യൻ പനോരമ കാണാൻ വരുന്നവരുടെ എണ്ണം നോക്കിയാൽ അത് വ്യക്തമാവും. ഫിലിം സൊസൈറ്റികൾ നടത്തുന്ന ചലച്ചിത്ര മേളകൾക്ക് മാത്രമല്ല , ലൈബ്രറിയിൽ പോലും എത്തുന്നവരുടെ ശതമാനം

കുറഞ്ഞുകൊണ്ടിരിക്കുന്നു . അതേ സമയം മികച്ചതല്ലാത്തതും ചിലപ്പോൾ വൈകൃതങ്ങൾ ഉള്ളതുമായ, സീരിയലുകൾ പോലുള്ള പരിപാടികൾ കാണുവാൻ ആൾക്കൂട്ടമുണ്ട്. അത് പൊള്ളയായ ഒരു അളവാണ്. മുട്ടത്തോട് പോലെ .

യഥാർഥ ചലച്ചിത്രധാരയെ മനസിലാക്കാൻ കേരളത്തിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം മാത്രമേ ഉള്ളൂ. അതിലൂടെ യഥാർത്ഥ സിനിമ എന്താണെന്ന് കണ്ട് മനസിലാക്കാത്തവരെ അത് പറഞ്ഞു ബോധ്യപ്പെടുത്താൻ വലിയ ബുദ്ധിമുട്ടാണ്. അക്കൂട്ടരുടെ ശുഷ്കമായ കലാസങ്കൽപ്പത്തെ തിരുത്താനും കഴിയില്ല. മേൽപ്പറഞ്ഞ 10% നെക്കൊണ്ട് മാത്രമേ യഥാർത്ഥ, മികച്ച, മൂല്യവത്തായ, അഭിമാനകരമായ ചലച്ചിത്ര സൃഷ്ടികൾ ഉണ്ടാക്കാനും സാധിക്കൂ. അത് വലിയ പ്രതിസന്ധികൾ മറികടന്ന് കൊണ്ടാണ് ലക്ഷ്യത്തിലെത്തുന്നത്. കാര്യമായ പിന്തുണയൊന്നും സമൂഹത്തിൽ നിന്നും പ്രതീക്ഷിക്കേതുമില്ല . എന്തായാലും സമതുലിതമല്ലാത്ത പ്രേക്ഷക ധ്രുവീകരണം ഒരു ദുരന്ത സൂചനയാണ് . ഇതിനെ മറികടക്കണം . കേരളത്തിൽ ചിത്രലേഖ ഫിലിം സൊസൈറ്റിയുടെ ആരംഭം തന്നെ ഈ മറികടക്കലിന് വേണ്ടിയായിരുന്നല്ലോ .


ജനുവരി 26 ന് ഉത്തരായണം, കാഞ്ചന സീത,തമ്പ്, എസ്തപ്പാൻ എന്നീ ചിത്രങ്ങൾ സൗജന്യമായി പ്രദർശിപ്പിക്കുന്നു. ജി.അരവിന്ദൻ ഫിലിം ഫെസ്റ്റിവലിലേക്ക് എല്ലാവർക്കും സ്വാഗതം !



# എസ്തപ്പാന്റെ സ്വന്തം അരവിന്ദനും രാജൻ കാക്കനാടനും - ഓർമ്മകൾ



**സാബു ശങ്കർ**
( നോവലിസ്റ്റ്, ചലച്ചിത്ര ഗ്രന്ഥകാരൻ , ചീഫ് കറസ്പോന്റ് - നേർക്കാഴ്ച വാരിക , അമേരിക്ക & സമീക്ഷ മാഗസിൻ , കാനഡ )



പ്രകൃതിയുടെ ശക്തിവിശേഷങ്ങളുടെ രഹസ്യങ്ങളെ അനുഭവിക്കുക ; ആനന്ദിക്കുക എന്നത് യോഗികധാരയാണ് . അതിൽ നിന്നുള്ള ജ്ഞാനം കൊണ്ട് നാം ജീവിക്കുന്ന ഭൂമണ്ഡലത്തിലെ സമസ്യകളെ വ്യാഖ്യാനിക്കുന്നത് ഒരു സത്യാന്വേഷണമാണ് . മനുഷ്യ ജീവിതത്തിന്റെ വൈവിധ്യത്തിനും രൂപാന്തരത്തിനും ആധാരമാവുന്ന ചലനനിയമങ്ങൾ ഗ്രഹിക്കുന്നത് മിക്കവാറും ശാസ്ത്രജ്ഞരും ദാർശനികരും കലാകാരന്മാരുമാണ് . പരമമായ ബോധബ്രഹ്മത്തെയും സൃഷ്ടികർമ്മത്തിലെ മായാശക്തിയെയും വ്യാഖ്യാനിക്കുന്നവയാണ് താന്ത്രിക പ്രതീകങ്ങൾ. പ്രതീകഭാഷ കലയുടെ രസസിദ്ധാന്തമാണ്. ഇത് ഏറ്റവും പ്രതിഫലിച്ചുകാണുന്നത് ചിത്രകലയിലാണ് . ജീവിതത്തിന്റെ അർത്ഥങ്ങളും അർത്ഥഭേദങ്ങളും അർത്ഥമില്ലായ്മയും രതിനൃത്തമാടുന്ന വർണ്ണലോകം .പണ്ടു മുതൽക്കേ സുഹൃത്തുക്കളായ അരവിന്ദനും രാജൻ കാക്കനാടനും അടിസ്ഥാനപരമായി ചിത്രകാരന്മാരാണ്

അരവിന്ദൻ എസ്തപ്പാനായി മനസ്സിൽ അനുഭവിച്ചത് രാജൻ കാക്കനാടനെയായിരുന്നു . തിരക്കഥ രൂപപ്പെടും മുൻപേ മദ്രാസിലെ ഈഞ്ചമ്പാക്കത്തുള്ള ചോഴമണ്ഡൽ ആർട്ടിസ്റ്റ് വില്ലേജിൽ വെച്ചായിരുന്നു അവർ ആദ്യമായി എസ്തപ്പാനെ കുറിച്ച് ചർച്ച ചെയ്തത് .

രാജൻ കാക്കനാടൻ ഡൽഹിയിലെ റഷ്യൻ എംബസിയിലെ ജോലി രാജിവെച്ച് ഹിമാലയ യാത്രകളിൽ അലഞ്ഞുനടന്ന സംഭവമാണ് ' ഹരിദ്വാറിൽ മണിമുഴങ്ങുന്നു ' എന്ന നോവലിന്റെ പ്രചോദനമെന്ന് എം.മുകുന്ദൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട് . പലയിടങ്ങളിലായി ചിത്രങ്ങൾ വരച്ചു നടന്ന രാജൻ കാക്കനാടന്റെ ' ഹിമവാന്റെ മുകൾത്തട്ടിൽ ' എന്ന യാത്രാവിവരണ ഗ്രന്ഥം ഡി.സി .ബുക്ക്സ് പ്രസിദ്ധീകരിച്ച് കുറച്ചുനാൾ കഴിഞ്ഞ് അരവിന്ദനും രാജൻ കാക്കനാടനും എസ്തപ്പാൻ എന്ന സിനിമയെ കുറിച്ച് ചർച്ച ചെയ്തു .





1979 -ൽ രാജൻ കാക്കനാടൻ കൊല്ല ത്തെത്തിയപ്പോൾ ഒരു കാരണവുമില്ലാതെ തന്റെ നീണ്ട താടി വടിച്ചു കളഞ്ഞു. താമസി യാതെ തേവള്ളിയിലെ കായലോരത്തുള്ള ഷാജി നിവാസ് എന്ന കാക്കനാടന്റെ വീട്ടിൽ അരവിന്ദനും സഹപ്രവർത്തകരും എത്തി . അപ്പോൾ കാക്കനാടനും രാജൻ കാക്കനാടനും അവിടെയുണ്ടായിരുന്നില്ല . അരവിന്ദൻ ആദ്യം അന്വേഷിച്ചത് – ' രാജൻ താടി വടിച്ചോ?' എന്നാണ് . താടി വടിച്ചു എന്ന് കേട്ടപ്പോൾ മൗനത്തിലായ അരവിന്ദൻ തന്റെ താടി തടവി നിന്നു .(രണ്ട് പതിറ്റാണ്ടുകൾ കഴി ഞ്ഞ് 'വാസ്തുഹാര'യുടെ തിരക്കഥാ രൂപം പുസ്തകമാക്കാൻ കരാർ എഴുതി അനുമതി നൽകിയ ലീലച്ചേച്ചി (കൗമുദി – അരവിന്ദന്റെ വിധവ) പറഞ്ഞു –'താടിയുള്ള എസ്തപ്പാനാ യിരുന്നു അരവിന്ദന്റെ മനസ്സിൽ ഉണ്ടായി രുന്നത് ').

കരിത്തറ മുതൽ ശക്തികുളങ്ങര വരെയു ള്ള തീരഭൂമിയിലായിരുന്നു ചിത്രീകരണം . ചിത്രീകരണ സംഘത്തിന് ഒരു വീട് തരപ്പെടുത്തിയിരുന്നു. ഷൂട്ട് സമയത്ത് ഷാജി. എൻ,കരുൺ അടക്കം കൂടിവന്നാൽ ഏഴോ എട്ടോ പേർ. ഓരോ ദൃശ്യവും ചിത്രീകരി ക്കാൻ മണിക്കൂറുകൾ എടുത്തു. എസ്ത പ്പാൻ ഒരു മുണ്ടും ചുറ്റി , ധൂപക്കുറ്റിയും പിടിച്ചുനിൽക്കും . കാമറയ്ക്ക് പിന്നിൽ ഷാജി.എൻ.കരുൺ ചെറുപുഞ്ചിരിയോടെ കാത്തുനിൽക്കും . അരവിന്ദൻ ഒരു വലിയ ബീഡി പുകച്ചുകൊണ്ട് കടലിലിന്റെ ആഴങ്ങളിൽ കണ്ണുനട്ട് നിൽക്കും. മെല്ലെ ദൃശ്യങ്ങളിലുള്ള തീരദേശ മനുഷ്യരും ചമയമില്ലാതെ എത്തും . ഏതാനും സംഭാഷ ണങ്ങളും എസ്തപ്പാന്റെ ശ്ലോകങ്ങളും ഒഴിച്ചാൽ തീർത്തും നിശബ്ദമായ ചിത്രീകരണ അന്തരീക്ഷം . രാജൻ കാക്കനാടന് തിരു മുല്ല വാരത്തെ കടലിൽ നിന്ന് കയറിവരുന്ന രംഗം അവതരിപ്പിക്കാൻ ഒരുമടിയും ഉണ്ടായി രുന്നില്ല .

1980– ൽ എസ്തപ്പാൻ റിലീസ് ആയപ്പോൾ രാജൻ കാക്കനാടൻ അടുത്ത യാത്രാവി വരണം എഴുതാൻ തുടങ്ങി . അഞ്ചാലും മൂട്ടിൽ ചിത്രകാരൻ ജയപാലപ്പണിക്കാരുടെ ബന്ധുവിന്റെ വാടകവീട് ഒരു താവളമായി രുന്നു . രാജൻ കാക്കനാടൻ രാവും പകലുമിരുന്നാണ് രചനയും രേഖാചിത്ര ങ്ങളും ചെയ്തുകൊണ്ടിരുന്നത് . അത് ഓരോ ആഴ്ച്ചയിലും ജനയുഗം വാരികയി ൽ പ്രസിദ്ധീകരിച്ചുവന്നു –'അമർനാഥ് ഗുഹ'യിലേക്ക് എന്ന പേരിൽ . താമസി യാതെ 'ഒടിയൻ ' എന്നൊരു വിഷയത്തെ കുറിച്ച് അരവിന്ദനുമായി ചർച്ചയിലായി . രാജൻ കാക്കനാടൻ തിരക്കഥയെഴുതി . അതും നിഗൂഢ രഹസ്യങ്ങൾ ഒളിഞ്ഞുകിടക്കുന്ന ഒടിയന്റെ ലോകം . തിരക്കഥയുടെ കയ്യെഴു ത്തുപ്രതിയുടെ പകർപ്പ് വായിച്ച അരവിന്ദൻ കൂടുതൽ സൂക്ഷ്മ വിവരണം ആവശ്യപ്പെട്ടു



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL


.അരവിന്ദൻ അപ്പോൾ വെള്ളയമ്പലത്ത് താമസിക്കുന്നു . തൊട്ടടുത്ത് നെടുമുടി വേണുവും .

'പോക്കുവെയിൽ' എന്ന സിനിമയ്ക്ക് ശേഷം അരവിന്ദൻ സ്വതന്ത്രമായൊരു ചലച്ചിത്ര നിർമ്മാണ പദ്ധതി ആരംഭിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു .'ചിദംബര'ത്തിന് മുൻപുള്ള വർഷങ്ങൾ നീണ്ട ഇടവേളയിൽ ഏതാനും ഹ്രസ്വ ചിത്രങ്ങൾ അരവിന്ദൻ സംവിധാനം ചെയ്തു . 'ഫസ്റ്റ് ഇയർ ഓഫ് ദി ചൈൽഡ് ', ' ഡിസെന്ററി ' , 'ഡി - ഫോറെസ്ട്രേഷൻ ' എന്നിവ . രാത്രിയായിരുന്നു ചിത്രാഞ്ജലിയിൽ എഡിറ്റിംഗ്. ഒരു ഷോട്ട് എന്താണ് ? ക്യാമറയുടെ ചലനം എങ്ങനെ ? ചിന്തകൾ, അർഥങ്ങൾ ഉൽപ്പാദിപ്പിക്കുന്ന നിമിഷങ്ങൾ എത്ര ? കട്ട് ചെയ്യേണ്ട ഭാഗത്ത്



അരവിന്ദൻ മൂവിയോളയിൽ ചൂണ്ടുവിരൽ വെയ്ക്കും. എഡിറ്റർ ബോസ് സെല്ലുലോയ്ഡ് ഫ്രെയിമിൽ മാർക്ക് ചെയ്ത് മുറിക്കും . ഫ്രെയിമിലേക്ക്, അതിലെ നിമിഷങ്ങളിലേക്ക്, അരവിന്ദൻ തന്റെ ബോധധാരയെ പ്രവഹിപ്പിക്കുന്നത് കൂടെ നിൽക്കുന്ന ഒരു അസിസ്റ്റന്റിനു അപൂർവ്വ പാഠം തന്നെയാണ്. ഇടയ്ക്കിടെ അരവിന്ദൻ ഹിന്ദുസ്ഥാനി രാഗങ്ങൾ മൂളിക്കൊണ്ടിരിക്കും . ചിലപ്പോൾ രാജൻ കാക്കനാടനെ കുറിച്ച് അന്വേഷിക്കും .എസ്തപ്പാൻ എന്ന സിനിമയ്ക്ക് വേണ്ടത്ര മാധ്യമ പ്രചാരണം നടന്നില്ലെന്ന് തോന്നുന്നു . എങ്കിലും രാജൻ കാക്കനാടനുമായുള്ള ആശയ വിനിമയം തുടർന്നുകൊണ്ടിരുന്നു . എസ്തപ്പാൻ എന്ന സിനിമയുടെ ഘടന ബൈബിൾ പുതിയ നിയമം പോലെയാണ് . പലരിലൂടെ പറയപ്പെടുന്ന യേശുവിന്റെ ജീവിതം. എസ്തപ്പാൻ യാഥാർഥ്യവും മിഥ്യയും ഇടകലർന്ന ഒരു അതിശയമാണ് .

സാധാരണക്കാരുടെ വിവരണങ്ങളിൽ മീൻ പിടിക്കാൻ പോകാതെ ചുറ്റിനടക്കുന്നവനും യേശുവിന്റെ സന്ദർഭങ്ങൾ ഭിത്തിയിലും പാറക്കല്ലിലും തോണിയിലും ഒക്കെ ചിത്രം വരച്ച് അലയുന്നവനും മാന്ത്രികനും അത്ഭുത സിദ്ധിയുള്ളവനും കടലിനു മീതെ നടക്കുന്നവനും മരണത്തെ അതിജീവിക്കുന്നവനും രക്ഷകനും പ്രവാചകനും കുട്ടികളുടെ കൂട്ടുകാരനും കള്ളനും ഭക്തനും ഒക്കെയാണ് എസ്തപ്പാൻ . ഒരുകൂട്ടം പേർ എസ്തപ്പാനെ നിഷേധിക്കുന്നു . മറ്റൊരുകൂട്ടം പേർ എസ്തപ്പാനെ ആരാധിക്കുന്നു . യേശുവിന്റെ പ്രതിരൂപമാണ് ചിലപ്പോൾ എസ്തപ്പാൻ . യുക്തിയും അയുക്തിയും ഇടകലർത്തി പ്രേക്ഷകനെ പലവിധം ചിന്തിപ്പിക്കുന്നു . എസ്തപ്പാൻ വരയ്ക്കുന്ന ചിത്രങ്ങൾ രാജൻ കാക്കനാടൻ സ്വന്തമായിട്ടാണ് വരച്ചത് .ഒരു സിനിമാനടന് ദുഷ്കരമായ കാര്യം രാജൻ കാക്കനാടൻ അനായാസം നിർവഹിച്ചത് ചിത്രീകരണ സമയത്ത് പലരെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട് .



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL




എസ്തപ്പാൻ എന്ന കഥാപാത്രത്തിന്റെ രസതന്ത്രം അറിഞ്ഞവരും അനുഭവിച്ച വരുമാണ് അരവിന്ദനും രാജൻ കാക്കനാടനും . ചിത്രീകരണ സമയത്ത് വിശദ കരണമൊന്നും ആവശ്യമില്ലായിരുന്നു. ഒന്നോ രണ്ടോ വാക്കുകൾക്കപ്പുറം മൗനത്തിന്റെ ഭാഷയി ൽ ഇരുവർക്കും എസ്തപ്പാൻ പരിചിതനായിരുന്നു .അരവിന്ദന്റെ പ്രമേയവും കഥാപാത്രങ്ങളു ടെ തെരഞ്ഞെടുപ്പും നോക്കിയാൽ കലയു ടെ രസതന്ത്രം അതിനു പിന്നിലുണ്ടെന്ന് കാണാം . അത് സാധാരണ സിനിമാ സങ്കൽപ്പങ്ങൾക്ക് അതീതമാണ് . ചലച്ചിത്ര മെന്നത് നാടകമല്ല , മറിച്ച് ചിത്രകലയുടെ ഭാഷയാണ് എന്ന് അരവിന്ദൻ സ്ഥാപി ക്കുന്നു . കേരളീയ സിനിമയുടെ പ്രതിഭാ കാലമാണ് 1970 -കൾ. 1991 ജനുവരിയിൽ 'വാസ്തുഹാര'യുടെ പ്രിവ്യു മദ്രാസിൽ ഐ.എഫ്.എഫ്.ഐ നടക്കുന്നു... പവിത്രന്റെ 'കള്ള് ' എന്ന ഡോക്യൂമെന്ററിക്ക് ശേഷം 'വാസ്തുഹാര'യും പ്രദർശിപ്പിച്ചത് . അരവിന്ദനും അവിടെ ഉണ്ടായിരുന്നു ...
'രാജൻ എവിടെയാണ്? '...
' മൂകാംബികയിൽ '...
'ഒടിയൻ' എന്ന പദ്ധതിയെ കുറിച്ച് സൂചി പ്പിച്ചപ്പോൾ ഒരു മൂളലും നിസ്സംഗതയും മൗനവും. മാർച്ച് 15 നു അരവിന്ദൻ അന്തരിച്ചു. ഏതാനും മാസങ്ങൾക്ക് ശേഷം രാജൻ കാക്കനാടനും ഈ ലോകത്തിൽ നിന്ന് യാത്രയായി...



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL



# കേരളീയ സിനിമയുടെ കാഞ്ചന കാലം







**ഗിരിജ സുരേന്ദ്രൻ**
വൈസ് പ്രസിഡന്റ്,
ഫിൽക്ക

കോട്ടയത്ത് ജനിച്ച ജി.അരവിന്ദൻ (1935-1991) 'ഉത്തരായനം', 'കാഞ്ചന സീത', 'തമ്പ് ', 'കുമ്മാട്ടി ','എസ്തപ്പാൻ ' എന്നിവയിലൂടെ മലയാള സിനിമയുടെ ഒരു ക്ലാസിക്കൽ ലോകം തുറന്നു. 1970-കളിൽ സൃഷ്ടിച്ച അഞ്ച് സിനിമകളും ദേശീയ-സംസ്ഥാന അവാർഡുകളും കൂടാതെ അന്താരാഷ്ട്ര അംഗീകാരവും നേടുകയും ചെയ്തു. 1980 - കൾക്ക് ശേഷമുള്ള സിനിമകൾ വ്യത്യസ്ത പ്രമേയങ്ങളും പശ്ചാത്തലവും കൊണ്ട് ശ്രദ്ധേയമാണ് . ചലച്ചിത്രസംവിധായകൻ എന്നതിലുപരി ചിത്രകാരൻ, കാർട്ടൂണിസ്റ്റ്, സംഗീതജ്ഞൻ, നാടക സംവിധായകൻ എന്നീ നിലകളിൽ കേരളത്തിൽ ആധുനിക കലയ്ക്ക് മാറ്റ് കൂട്ടി .

അരവിന്ദന് കുട്ടിക്കാലത്ത് ഡോക്ടർ ആകുക എന്നതായിരുന്നു ആഗ്രഹം. ചിത്രകലയിലും താൽപ്പര്യമുണ്ടായിരുന്നു. സ്കൂൾ അവധിക്കാലത്ത് കുറച്ച് സുഹൃത്തുക്കളും പേപ്പറും പെയിന്റുമായി ഗ്രാമപ്രദേശങ്ങളിൽ ചുറ്റിക്കറങ്ങു മായിരുന്നു. അച്ഛൻ എം.എൻ.ഗോവിന്ദൻ നായർ , കോട്ടയത്ത് പൊതു പ്രവർത്ത നങ്ങളിൽ അറിയപ്പെടുന്ന അഭിഭാഷ കനും ഹാസ്യ സാഹിത്യകാരനും കോട്ടയം മുനിസിപ്പൽ കൗൺസിലറുമായിരുന്നു . മകന്റെ ഒരാഗ്രഹത്തിനും എതിര് നില്കാതെ സ്വാതന്ത്ര്യം നൽകി . ബാല്യത്തിൽ അരവിന്ദൻ ചിത്രങ്ങൾ രചിക്കാൻ തുടങ്ങി .വീടിനടുത്തു ള്ള സ്റ്റേഡിയം ഓപ്പൺ എയർ സിനിമ പ്രദർശനത്തിനായി ഉപയോഗിച്ചിരുന്നു. അവിടെ ജഗതലപ്രതാപൻ എന്ന തമിഴ് സിനിമ 52 പ്രാവശ്യം കാണാൻ ബാലന ായ അരവിന്ദന് കഴിഞ്ഞു. കച്ചേരി താള വാദ്യക്കാരനെ അവതരിപ്പിച്ച നടൻ പി.ചിന്നപ്പയെ ഇഷ്ടപ്പെട്ട ആ ബാലൻ സംഗീതത്തിലും ദൃശ്യാവിഷ്ക്കാരത്തിലും ആകൃഷ്ടനായി.

1951- ൽ 'നാലു ലോകം' എന്ന മലയാളം സിനിമയും അരവിന്ദനെ ആകർഷിച്ചു . അത് നിയോ റിയലിസ്റ്റിക് ശൈലിയിൽ ഒരു ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ കഥ യാണ് .ചുറ്റുമുള്ള അവസ്ഥകളെ പഠിച്ചു







സിനിമക്കായി ഉപയോഗിച്ച കഥാരീതി . പിന്നീട് അദ്ദേഹം ഞായറാഴ്ചകളിൽ ഇംഗ്ലീഷ് ഭാഷാ ചിത്രങ്ങൾ കാണുവാൻ തുടങ്ങി .'ഗ്യാസ് ലൈറ്റ് ','ഓൾ ദാറ്റ് ഫ്‌ലെഷ്','വീവാ സപാറ്റ ' എന്നിവ ഇഷ്ടപ്പെടുകയും ചെയ്തു .

1952-ൽ ഡൽഹിയിലാണ് ആദ്യത്തെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം അരങ്ങേറിയത്. ഡി സിക്കയുടെ 'ദ ബൈസിക്കിൾ തീവ്സ്', കുറോസാവയുടെ 'റാഷോമോൺ ' എന്നിവ




അരവിന്ദനെ കൂടുതൽ ആകർഷിച്ചു . കുറസാവയുടെ സിനിമകളാണ് കേരളീയ സാഹചര്യത്തോട് ഏറ്റവും അടുത്ത തെന്നു അദ്ദേഹത്തിന് തോന്നാൻ കാരണം അവയിൽ എല്ലായ്പ്പോഴും ക്ലാസിക്കൽ, നാടോടി പാരമ്പര്യങ്ങൾ ഉപയോഗിച്ചതായിരുന്നു . ഇത് ഇന്ത്യയിലെ മികച്ച കലാകാരന്മാർ ചെയ്യുന്നതിന് സമാനമാണ് താനും . പാരമ്പര്യങ്ങളെ അവതരിപ്പിക്കാനും സംരക്ഷിക്കാനുമുള്ള ബോധപൂർവമായ ശ്രമമാണിത്. അതുകൊണ്ടാണ് പിന്നീട് അരവിന്ദൻ സംസ്കൃതത്തിൽ നിരവധി ക്ലാസിക്കൽ നാടകങ്ങൾ ചെയ്തത്. സിനിമ പോലെ തന്നെ ഇന്ത്യയിൽ നാടകവും ആധുനികവൽക്കരിക്കപ്പെടുന്ന കാലത്ത് , പാശ്ചാത്യ സ്വാധീനങ്ങളും വാണിജ്യ നാടക സമ്പ്രദായങ്ങളും തനത് നാടകത്തിന്റെ വികാസത്തെ മന്ദഗതിയിലാക്കുമെന്നും അരവിന്ദൻ കണ്ടെത്തി .

മാതൃഭൂമിയിൽ ' വലിയ ലോകവും ചെറിയ മനുഷ്യരും ' എന്ന കാർട്ടൂൺ പരമ്പര ആധുനിക ചിന്തയുടെ വഴിത്താരയായിരുന്നു . സുഹൃത്തുക്കളായ ഒരു കൂട്ടം - അഭിനേതാക്കളും എഴുത്തുകാരും കലാകാരന്മാരും - ഒരു ഫിലിം സൊസൈറ്റി ആരംഭിച്ചപ്പോൾ, സിനിമയുടെ ആധുനിക ടെക്നിക്കുകൾ, ലൈറ്റിംഗ്, സൗണ്ട് ഇഫക്റ്റുകൾ എന്നിവ അരവിന്ദനെ വളരെയധികം സ്വാധീനിച്ചു. 'ഉത്തരായണം ' എന്ന സിനിമ കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു സാഹസിക സംരംഭമായിരുന്നു . ഫിലിം സൊസൈറ്റി പ്രവർത്തകരിൽ ഒരാളായ കഥാകൃത്ത് ഒരു സിനിമയെടുക്കണമെന്ന് നിർദ്ദേശിച്ചു.



January Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

G.ARAVINDAN FILM FESTIVAL







കഥയെഴുതിയ പട്ടത്തുവിള കരുണാകരൻ ചലച്ചിത്ര നിർമ്മാണത്തിന് സ്വന്തം കുടുംബത്തിൽ നിന്നും പണം കണ്ടെത്തി . തിക്കോടിയനും അരവിന്ദനും തിരക്കഥ യെഴുതി. അന്ന് കേവലം 1.70 ലക്ഷം രൂപ യ്ക്കാണ് ആ ചിത്രം പൂർത്തിയാക്കിയത് . അതിൽ അഭിനയിച്ചവർ ഏറെയും നാടക രംഗത്തുള്ളവരായിരുന്നു . രണ്ടോ മൂന്നോ സിനിമകളിൽ ചെറിയ വേഷങ്ങളിൽ അഭിന യിച്ചിട്ടുള്ളവരും ഉണ്ടായിരുന്നു . പ്രധാന നടൻ ഒരു പുതുമുഖമായിരുന്നു. ഡോക്ടർ മോഹൻദാസ് . പ്രൊഫഷണലല്ലാത്തവരുടെ മുൻവിധികളൊന്നുമില്ലാതെ തന്നെയുള്ള കൂടുതൽ സ്വാഭാവികവും യഥാർത്ഥവുമായ കഥാപാത്ര പെരുമാറ്റ അവതരണം .

സ്വാതന്ത്ര്യസമരം പൈതൃകത്തിന്റെ ഭാഗ മായ ഒരു യുവാവ് വിപ്ലവകാരിയോ സന്യാസിയോ ആകുന്ന അവസ്ഥ അടി സ്ഥാനപരമായി ഒന്നുതന്നെയാണെന്ന് പറയുന്ന ഈ സിനിമ ഒരു ദുരവസ്ഥയിൽ അവസാനിക്കുന്നു . ഒരു ചോദ്യം ബാക്കി വെച്ചുകൊണ്ട് . യുവാക്കൾ ഏകാന്തത യിലാകണോ അതോ മുഖ്യധാരയിൽ ചേരണോ? ഇത് ഒരു അനുരഞ്ജനത്തിനു വേണ്ടിയുള്ള ചോദ്യമല്ല. ഇവിടെ ഒരു തിരഞ്ഞെടുപ്പ് നടത്തണം. പൊതുവെ ഭൂരിഭാഗവും, തീർച്ചയായും, മുഖ്യധാരയിൽ ആകും. അതും വീണ്ടും ഒരു ചോദ്യമാണ് .

അരവിന്ദൻ ഒരിക്കൽ പറഞ്ഞു: 'ഉത്തരായണം ' വീണ്ടും നിർമ്മിക്കുമെങ്കിൽ ഘടന വളരെ വ്യത്യസ്തവും അത് വേറിട്ട ആഖ്യാനവുമായിരിക്കും. യുക്തിക്കപ്പുറം ചില കാര്യങ്ങളിൽ അരവിന്ദൻ ഒരു വിശ്വാസം കത്തിയിരുന്നു . പഞ്ചേന്ദ്രിയങ്ങളുടെ സഹായത്തോടെയാണ് നാം ജീവിതത്തെ വിലയിരുത്തുന്നത്. ജലം ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കാമെന്ന് പറഞ്ഞ മനുഷ്യനെ ഒരു ഭ്രാന്ത നായി കണക്കാക്കിയ കഥയുണ്ട് . എന്നാൽ ഈ വിശ്വാസത്തിന്റെ ഘടകങ്ങൾ എല്ലായ് പ്പോഴും ഉണ്ട്. ഒരുപക്ഷേ ഉപബോധമനസ്സിൽ . യുക്തിയും അതിനപ്പുറവും തമ്മിലുള്ള പിരിമുറുക്കം.


അടുത്ത സിനിമയ്ക്കായി ഒരു നാടകം തിരഞ്ഞെടുത്തു. സി.എൻ.ശ്രീകണ്ഠൻ നായരുടെ നാടകം. ഉത്തരകാണ്ഡത്തിലെ 'കാഞ്ചന സീത'. ആ പ്രമേയം സിനിമയിൽ വന്നപ്പോൾ യാഥാർത്ഥ്യത്തിന്റെ ഭാഗമായി മാറി. രാമനെയും ലക്ഷ്മണനെയും ആന്ധ്രയിലെ ഒരു ഗോത്രത്തിൽ നിന്നും കണ്ടെത്തുന്നു. ശ്രീരാമന്റെ പാരമ്പര്യം അവകാശപ്പെടുന്ന ഗോത്രത്തിൽ നിന്ന് . അശ്വമേധ യാഗം നടത്തുന്നതിന് രാജാവിന് രാജ്ഞിയുടെ സാന്നിധ്യം വേണം . സീതയെ വനത്തിൽ ഉപേക്ഷിച്ച ശ്രീരാമൻ യാഗം നടത്തുന്നതിനായി സ്വർണ്ണത്തിൽ സീത യുടെ രൂപം സൃഷ്ടിക്കുന്നു . അതാണ് കാഞ്ചന സീത. ശൂദ്രനെ കൊല്ലാതെ രാമൻ കാട്ടിൽ നിന്ന് മടങ്ങുന്നിടത്താണ് ഈ ചിത്രം ആരംഭിക്കുന്നത്. ആ ഘട്ടത്തിൽ രാമൻ സീതയെക്കുറിച്ച് ചിന്തിക്കുന്നു് . സാംഖ്യ ദർശന പ്രകാരം പുരുഷൻ സ്വച്ഛ ഭാവവും സ്ത്രീ ശക്തിയുമാണ് . ഈ സിനിമ യിൽ സീത പ്രകൃതിശക്തിയാണ് . താന്ത്രിക ദർശനത്തിലെ ശിവശക്തി സംയോഗം .




'കാഞ്ചന സീത ' എന്ന സിനിമ ഇതിഹാസത്തെ അവ്യക്തമാക്കിയെന്ന നിരവധി വിമർശനങ്ങൾ അരവിന്ദൻ നേരിട്ടുവെങ്കിലും ഇന്ത്യൻ ചലച്ചിത്രരംഗത്തെ അതികായകനായി അരവിന്ദൻ മാറി . അരവിന്ദൻ ഒരിക്കലും നിരീശ്വരവാദിയല്ല . എന്നാൽ സ്വർഗത്തിൽ ഇരിക്കുന്ന ഒരു ദൈവത്തിൽ വിശ്വസിക്കുന്നുമില്ല . അതേസമയം പ്രപഞ്ച ഊർജ്ജത്തിന്റെ അത്ഭുത ശക്തികളിൽ, നിഗൂഢ ലീലയിൽ ,ബോധ്യപ്പെടുന്ന ആറാമത്തെ ഇന്ദ്രിയ ധ്യാനത്തിൽ, ഒരുപക്ഷെ പിന്നീട് സംഭവിക്കുന്ന പലതും മുൻപേ അനുഭവിക്കാൻ കഴിയുന്ന പ്രജ്ഞയിൽ അരവിന്ദൻ മുഴുകി എന്നുവേണം മനസ്സിലാക്കാൻ . അരവിന്ദൻ ഒരു വാരികയ്ക്ക് വേണ്ടി സർക്കസുകാരുടെ ചിത്രങ്ങൾ വരച്ചു . രാജ്യത്തെ 95 ശതമാനം സർക്കസ് കലാകാരന്മാരും വരുന്ന കോഴിക്കോട്ടും തലശ്ശേരിയിലും വെച്ച് അരവിന്ദൻ അവരെ അഭിമുഖം നടത്തിയിരുന്നു. ജീവിതത്തോടുള്ള അവരുടെ കാഴ്ചപ്പാട് അനിശ്ചിതത്വത്തിലാണ്. അവർ എന്ത് സമ്പാദിച്ചാലും അതേ രാത്രി തന്നെ ചെലവഴിക്കുന്നു. അവർ നാടോടികൾ. സുരക്ഷിതത്വമില്ലാത്തവർ. സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നവർ . വേറെ ജോലി കിട്ടിയാൽ അതിനു പോകുന്നവർ . തമ്പ് അസ്ഥിരതയുടെയും സാഹസികതയുടെയും ഒരു പ്രതീകമാണ് . സർക്കസ് കലാകാരന്മാർ ആ ജീവിത നാടകത്തിലെ നടീനടന്മാരും . സിനിമ വെറീറ്റെ എന്ന ഫ്രഞ്ച് ശൈലി തമ്പിനുണ്ട് .

തമ്പ് ഷൂട്ട് ചെയ്ത ഭാരതപ്പുഴയോരത്തെ ഗ്രാമം ഒരിക്കലും സർക്കസും ഫിലിം യൂണിറ്റും ഒന്നും കണ്ടിട്ടില്ലായിരുന്നു . ഗ്രാമവാസികളുടെ പ്രതികരണങ്ങൾ സ്വതസിദ്ധമായിരുന്നു. അവർ സർക്കസ് കണ്ട് ആശ്ചര്യപ്പെട്ടു. പ്രത്യേകിച്ച് കുട്ടികൾ. അവരുടെ മുഖഭാവങ്ങൾ രഹസ്യമായി ചിത്രീകരിക്കുന്നതിൽ ബുദ്ധിമുട്ടിയില്ല. എന്നാൽ ഒളിക്യാമറകളൊന്നും ഉപയോഗിച്ചതുമില്ല .തമ്പ് എന്ന സിനിമ വർണ്ണത്തിൽ നിർമ്മിക്കാമായിരുന്നു. പക്ഷേ കൂടുതൽ ആധികാരികമായ രൂപത്തിനായി കറുപ്പും വെളുപ്പും ഉപയോഗിച്ചു.

സർക്കസ് ഒരു ഗ്രാമത്തിലേക്ക് വരുമ്പോൾ ആളുകൾ വ്യത്യസ്തമായി പ്രതികരിക്കും .എല്ലാം ക്ഷണികമാണ് . സ്വാഭാവികമാണ് . എന്നാൽ ജീവശക്തിയെ ഉണർത്തുന്ന സാഹസികതയും അതിലുണ്ട് . സിനിമയിൽ ഗ്രാമത്തിലെ ഒരു ധനികന്റെ മകൻ സർക്കസു കാരോടൊപ്പം പോകുന്നു. അവൻ ഒരു സർക്കസ് കോമാളിയാകാൻ സാധ്യതയുണ്ട്. ഒരുപക്ഷെ തിരിച്ചുവന്ന് പിതാവിന്റെ ഫാക്ടറി ഏറ്റെടുക്കാനും സാധ്യതയുണ്ട്. ഇങ്ങനെ കുടുംബത്തിൽ നിന്ന് അകന്നുപോയ ഒരുപാട് ചെറുപ്പക്കാരുണ്ട്. തമ്പ് എന്ന സിനിമ ഒരു അന്വേഷണം കൂടിയാണ് .



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL



കുട്ടികളുടെ സിനിമയായ 'കുമ്മാട്ടി ' ഒരു മാജിക്കൽ റിയലിസം ശൈലിയിൽ ഉള്ളതാണെന്ന് പറയാം. നൂൺ ഷോ കൾക്കായി മാത്രം റിലീസ് ചെയ്തതിനാൽ കേരളത്തിലെ ഏറെ കുട്ടികൾക്കും ഇത് കാണാൻ കഴിഞ്ഞില്ല. ഫിൽക്ക ഫിലിം സൊസൈറ്റി ഈ ചിത്രം കുട്ടികൾക്കായി പ്രദർശിപ്പിച്ചിട്ടുണ്ട് . അരവിന്ദന്റെ ആശയം ഫാന്റസിയിലൂടെ സഞ്ചരിച്ചു ലക്ഷ്യത്തിലെത്തുക എന്നതായിരുന്നു . ഒടുവിൽ കൂടു തുറന്നുവിട്ട്, പക്ഷി പറന്നു പോകുന്ന ആകാശ കാഴ്ച കണ്ടു നിൽക്കുന്ന കുട്ടിക്ക് സ്വാതന്ത്ര്യം എന്തെന്ന് തിരിച്ചറിയാൻ സാധിക്കുന്നു .

ഒരു മത്സ്യബന്ധന ഗ്രാമത്തിൽ താമസിക്കുന്ന എസ്തപ്പാനെ കുറിച്ച് പരസ്പരവിരുദ്ധമായ നിരവധി കഥകളുണ്ട്. എസ്തപ്പാൻ ഒരു കള്ളനാണോ ? തെമ്മാടിയാണോ? മന്ത്രവാദിയാണോ ? അതോ ഒരു വിശുദ്ധനാണോ? വിവിധ കഥകൾ കാഴ്ചക്കാരന് ചിന്തിക്കാനും അല്ലെങ്കിൽ സ്വയം വിലയിരുത്തൽ നടത്താനും വേണ്ടിയുള്ളതാണ് . ഒരു മുൻവിധിയും ഇല്ല .അരവിന്ദൻ ആ കഥാപാത്രത്തെ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നു .

ദൽഹിയിലെ റഷ്യൻ എംബസിയിലെ ജോലി ഉപേക്ഷിച്ച് ഹിമാലയ പര്യടനം നടത്തിക്കൊണ്ടിരുന്ന ഒരു ചിത്രകാരൻ സുഹൃത്തിനെ തന്നെ അരവിന്ദൻ ചിത്രത്തിലെ നായകനാക്കി .തന്റെ സുഹൃത്തുക്കൾക്ക് അറിയാവുന്നതോ കേട്ടിട്ടുള്ളതോ ആയ നിരവധി യഥാർത്ഥ സംഭവങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു തിരക്കഥ . വിചിത്രമായ ചുറ്റുപാടുകളാൽ വ്യവസ്ഥാപിതമായി കാണപ്പെടുന്ന വിചിത്രമായി പെരുമാറുന്ന ഒരു പ്രതിഭാസം . ചിലപ്പോൾ എസ്തപ്പാൻ ക്രിസ്തുവിന്റെ പ്രതീകമാണോ എന്ന് സംശയിക്കുന്നവരുണ്ട് . സമ്പന്നരും ദരിദ്രരും ചൂഷകരും ചൂഷിതരും . ഇവർക്കിടയിൽ പ്രബോധനത്തിന്റെ ശബ്ദവുമായി ഒരു അസാധാരണ കഥാപാത്രം .

ചിത്രകലയോ സംഗീതമോ പോലെ സിനിമയും ഒരു ശുദ്ധവും സൗന്ദര്യാത്മകവുമായ പ്രവർത്തനമാണെന്ന് അരവിന്ദൻ വിശ്വസിച്ചു . ഈ ചിന്തയിലാണ് അദ്ദേഹം പ്രവർത്തിച്ചത്. മറ്റ് കലാരൂപങ്ങൾ പോലെ തന്നെ സിനിമയും ജി. അരവിന്ദന് ആനന്ദം നൽകി. ഇന്ത്യയിലെ ഏറ്റവും മികച്ച ചലച്ചിത്രകാവ്യങ്ങളാണ് അരവിന്ദൻ സിനിമകൾ .



# ജി .അരവിന്ദൻ - ജീവചരിത്രം



ജ്യോതിഷ് കുമാർ.പി.എസ്.
ഫിൽക്ക .




Aravidan with his wife Kaumudi


അഡ്വക്കേറ്റും ഹാസ സാഹിത്യ കാരനുമായിരുന്ന എം.എൻ.ഗോവിന്ദൻ നായരുടെയും പി.ജി.തങ്കമ്മ യുടെയും മകനായി 1935 ജനുവരി 23നു കോട്ടയത്ത് ജി.അരവിന്ദൻ ജനിച്ചു.

കോട്ടയം നായർ സമാജം ഹൈസ്കൂൾ, സി,എം.എസ്.കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ചേർന്നു.

1954-ൽ ബി.എസ്.സി. പാസായി. 1956-ൽ റബർ ബോർഡിൽ ഇൻസ്പെക്ടർ ആയി. പിൽക്കാലത്ത് ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് ഓഫീസർ. റബർ ബോർഡിൽ ഉദ്യോഗസ്ഥയായ കൗമുദിയെ 1965-ൽ വിവാഹം കഴിച്ചു. മകൻ - രാമു .

കുട്ടിക്കാലം മുതലേ വരച്ചു തുടങ്ങി. 'കേരളഭൂഷണം' തുടങ്ങിയ പത്രമാസിക കളിൽ കഥകൾക്ക് ചിത്രം വരച്ചു. മാതൃഭൂമി യിലെ കാർട്ടൂൺ പരമ്പരയായ 'ചെറിയ ലോകവും വലിയ മനുഷ്യരും'(1963-1971) ആരംഭിക്കുന്നതിനു മുമ്പ് വിവിധ പ്രസിദ്ധീകരണങ്ങളിൽ ധാരാളം കാർട്ടൂൺ സ്ട്രിപ്പുകൾ പ്രസിദ്ധീകരിച്ചു.അക്കിത്തം, എൻ.വി.കൃഷ്ണവാരിയർ, നമ്പൂതിരി, കക്കാട്, കുട്ടികൃഷ്ണമാരാർ എന്നിവർ ഉൾപ്പെട്ട 'കോലായ' എന്ന പേരിലുള്ള അക്ഷരശ്ലോക സദസ്സിൽ അംഗമായിരുന്നു. തികഞ്ഞ സംഗീത പ്രിയനായതിനാൽ






ഉത്തരേന്ത്യൻ സംഗീത പഠനത്തിനായി നാലഞ്ചു വർഷം ചെലവഴിച്ചിട്ടുണ്ട്.

അറുപതുകളിൽ തന്നെ അമചർ നാടക വേദിയുമായി ബന്ധം ആരംഭിച്ചിരുന്നു. 'നവരംഗ'ത്തിന്റെ സജീവ പ്രവർത്തകൻ ആയിരുന്നു. അടൂർ ഗോപാലകൃഷ്ണന്റെ 'കാമുകി' (1969) എന്ന ഫീച്ചർ ഫിലിമിനു ആർട്ട് ഡയറക്ഷൻ തുടങ്ങിയ സഹായങ്ങൾ ചെയ്തിട്ടുണ്ട്. ശ്രീ.സി.എൻ.ശ്രീകണ്ഠൻ നായരുടെ 'കലി' സംവിധാനം ചെയ്തു. തിരുവനന്തപുരത്തെ 'തിരുവരങ്ങി'ന്റെ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. 'തിരുവരങ്ങി'നുവേണ്ടി കാവാലം നാരായണപണിക്കരുടെ 'അവനവൻ കടമ്പ'യുടെ (1972) സംവിധാനം നിർവഹിച്ചു. 'ഉത്തരായണം '(1975 ), കാഞ്ചനസീത' (1977), 'തമ്പ് (1978)', 'കുമ്മാട്ടി' (1978), 'എസ്തപ്പാൻ' (1980 ), 'പോക്കുവെയിൽ' (1981), 'ചിദംബരം (1985),' 'ഒരിടത്ത്'



(1986), 'മാറാട്ടം' (1988), 'ഉണ്ണി' (ആദ്യ ഇംഗ്ലീഷ് ചലച്ചിത്രം, 1989), 'വാസ്തുഹാര' (1990) എന്നിവയാണ് ശ്രീ.ജി.അരവിന്ദൻ സംവിധാനം ചെയ്ത സിനിമകൾ.

വി.കെ. കൃഷ്ണമേനോൻ, വി.ടി.ഭട്ടതിരിപ്പാട്, മാണി മാധവ ചാക്യാർ, ജെ.കൃഷ്ണമൂർത്തി (എ സീർ ഹു വോക്സ് എലോൺ), ബ്രൌൺ ലാൻഡ്സ്കേപ്പ് (നാടൻ കലാരൂപങ്ങളെയും ചമയങ്ങളെയും പറ്റി), ദി ക്യാച്ച്, (വയനാടൻ കാടു കളിലെ ആനവേട്ടയെപ്പറ്റിയും വാരിക്കുഴികളെയും പറ്റി) അനാദിധാര, ഹോം എവേ ഫ്രം ഹോം (നാടോടികളെയും ഭിക്ഷക്കാരെയും പറ്റി), സഹജ (അർദ്ധനാ രീശ്വര സങ്കൽപ്പത്തെപ്പറ്റി),



മോഹിനിയാട്ടം, കോൺടൂർഡ് ഓഫ് ലീനിയർ റിഥം (ചിത്രകലയെക്കുറിച്ച്), ഇ.എം.എസിന്റെ ഒരു ദിവസം എന്നിവ ശ്രീ.ജി.അരവിന്ദൻ സംവിധാനം ചെയ്ത ഡോക്യുമെന്ററികൾ ആണ്.

യാരോ ഒരാൾ (സംവിധാനം-പവിത്രൻ, 1978), ഒരേ തൂവൽപക്ഷികൾ (സംവിധാനം -രവി, 1987), പിറവി (സംവിധാനം- ഷാജി എൻ.കരുൺ, 1988), കടൽത്തീരത്ത് (സംവിധാനം - രാജീവ് നാഥ്, 1989), മണി ഓർഡർ (സംവിധാനം- പി.എൻ.,മേനോൻ, 1990) എന്നീ ചിത്രങ്ങൾക്കും സ്വന്തം ചിത്രങ്ങളായ എസ്തപ്പാൻ' (1979), ഒരിടത്ത്' (1986)

എന്നിവയ്ക്കും സംഗീതം പകർന്നു. ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷൻറെ ഡയറക്ടർ ആയിരുന്നു. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഭരണ സമിതി അംഗമായും പ്രവർത്തിച്ചിരുന്നു. ലോകപ്രശസ്ത ചലച്ചിത്രമേളകളിലെല്ലാം അംഗീകരിക്കപ്പെട്ട അരവിന്ദൻ യു.എസിൽ ക്ഷണപ്രകാരം പ്രഭാഷണ പര്യടനവും നടത്തിയിട്ടുണ്ട്.ചെറിയ ലോകവും വലിയ മനുഷ്യരും (കാർട്ടൂൺ), എസ്തപ്പാൻ (തിരക്കഥ), വാസ്തുഹാര (തിരക്കഥ), അരവിന്ദന്റെ കത്തുകൾ എന്നിവയാണ് അരവിന്ദന്റെ പുസ്തകങ്ങൾ.

1974 (ഉത്തരായണം ), 1977 (കാഞ്ചനസീത), 1978 (തമ്പ്), 1981 (പോക്കുവെയിൽ), 1985 (ചിദംബരം), 1986 (ഒരിടത്ത്) എന്നീ വർഷങ്ങളിൽ ദേശീയ ചലച്ചിത്ര അവാർഡും 1974 (ഉത്തരായണം ), 1977 (കാഞ്ചന സീത), 1978 (തമ്പ്), 1979 (കുമ്മാട്ടി), 1980 (എസ്തപ്പാൻ), 1981(പോക്കുവെയിൽ), 1985 (ചിദംബരം), 1986 (ഒരിടത്ത്), 1988 (ഒരേ തൂവൽപക്ഷികൾ), 1990 (വാസ്തുഹാര) എന്നീ വർഷങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അവാർഡും 1977,1978, 1985, 1987, 1989, 1990 എന്നീ വർഷങ്ങളിൽ വിവിധ അന്തർദ്ദേശീയ പുരസ്കാരങ്ങളും ലഭിച്ചു. അരവിന്ദനെക്കുറിച്ചുള്ള ഡോക്യുമെന്ററികളായ ജി.അരവിന്ദൻ, വേർപാട്,മൗനം സൌമനസ്യം അരവിന്ദൻ എന്നിവ യഥാക്രമം ഷാജി എൻ.കരുൺ, ശ്രീകുമാർ, രവി, ദൂരദർശൻ എന്നിവർ സംവിധാനം ചെയ്തു.


1990 -ൽ പദ്മശ്രീ പുരസ്കാരം .

1991 മാർച്ച് 16-ന് രാത്രി തിരുവനന്തപുരത്തെ വസതിയിൽ വെച്ച് നിര്യാതനായി. തിരുവനന്തപുരം ചലച്ചിത്ര ഫിലിം സൊസൈറ്റി നവാഗതരുടെ സിനിമയ്ക്ക് അരവിന്ദൻ പുരസ്കാരം നൽകുന്നു .

മികച്ച കലാസിനിമയെ സ്നേഹിക്കുന്നവരുടെ മനസ്സിൽ ഇന്നും ഒരു സജീവ സാന്നിധ്യമാണ് ജി.അരവിന്ദൻ. സിനിമയ്ക്ക് വാക്കുകൾക്കും ദൃശ്യങ്ങൾക്കുമപ്പുറം മറ്റൊരു മാനമുണ്ടെന്നു നമ്മെ ബോധ്യപ്പെടുത്തിയ സംവിധായകൻ.




# പൊയ്മുഖങ്ങൾ ചീന്തിയെറിഞ്ഞ രാഷ്ട്രീയസിനിമ - ഉത്തരായണം



**ജോൺ തോമസ്**
ഫിൽക്ക

മലയാള സിനിമയിൽ നവ ഭാവുകത്വത്തിന് നാന്ദി കുറിച്ച ചിത്രമാണ് 1972 ൽ രൂപം കൊണ്ട അടൂർ ഗോപാലകൃഷ്ണന്റെ സ്വയംവരം. തുടർന്ന് നിരവധി ചലച്ചിത്ര കാരന്മാർ 1970 കളിൽ തന്നെ ഇതേ പാതയിലൂടെ തങ്ങളുടേതായ സിനിമകളുമായി മുന്നോട്ടു വരികയും അവരൊക്കെത്തന്നെ മലയാള സിനിമാ ചരിത്രത്തിന്റെ ഭാഗമാകുകയും ചെയ്തു. അപ്രകാരം രൂപം കൊണ്ട സിനിമകളിൽ പ്രമുഖമാണ് 1975 ൽ റിലീസ് ചെയ്യപ്പെട്ട അരവിന്ദന്റെ ആദ്യചിത്രം ഉത്തരായണം.




കോഴിക്കോട്ട് പാരഗൺ ലോഡ്ജിൽ ഒത്തുകൂടുമായിരുന്ന സാഹിത്യ- കലാ കുതുകികളുടെ സംഘത്തിൽ രൂപം കൊണ്ട ആശയത്തിന് തിക്കോടിയനും അരവിന്ദനും ചേർന്ന് സിനിമാരൂപം നൽകിയപ്പോൾ സാക്ഷാത്കരിക്കപ്പെട്ടതാണ് ഉത്തരായണം എന്ന ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമ.

മൂന്നു തലമുറയിൽ പെട്ട കഥാപാത്രങ്ങളാണ് ഈ സിനിമയിൽ അവതരിപ്പിക്കപ്പെടുന്നത്. പ്രേംജി അവതരിപ്പിക്കുന്ന തികഞ്ഞ ഗാന്ധിയനായ മാധവമേനോൻ എന്ന കഥാപാത്രം. അഹിംസയിൽ അടിയുറച്ച് ഗാന്ധിയൻ സമരമാർഗ്ഗങ്ങളിലൂടെ രാജ്യത്തെ വൈദേശികാധിപത്യത്തിൽ നിന്നും മോചിപ്പിക്കാൻ വേണ്ടിയുള്ള സമരത്തിന് നേതൃത്വം നൽകുന്ന വ്യക്തിത്വം. അയാളുടെ മകളുടെ ഭർത്താവ് ഗോവിന്ദൻ അടുത്ത തലമുറയുടെ പ്രതിനിധിയാണ്. ഗാന്ധിയൻ സമര രീതിയെ തള്ളിപ്പറയുകയും ആവശ്യമെങ്കിൽ ബലപ്രയോഗത്തിലൂടെ വൈദേശികാധിപത്യത്തെ തുരത്തണമെന്ന് വിശ്വസിക്കുകയും ചെയ്യുന്ന കഥാപാത്രം. കുഞ്ഞാണ്ടി അവതരിപ്പിക്കുന്ന കുമാരൻ മാസ്റ്റർ നയിക്കുന്ന, അഹിംസാത്മക നടപടികളിൽ വിശ്വാസമില്ലാത്തവരും, ഭഗത് സിംഗിനെ ആരാധിക്കുകയും ചെയ്യുന്ന ചെറുപ്പക്കാരുടെ സംഘത്തിലെ സജീവാംഗമാണ് ടി.ജി.രവി അവതരിപ്പിച്ച ഗോവിന്ദൻ. മാധവമേനോന്റെ ഭാര്യ യായി കോഴിക്കോട് ശാന്താദേവിയും മകളായി ടി.പി. രാധാമണിയും പ്രത്യക്ഷപ്പെടുന്നു.

സ്വാതന്ത്ര്യ സമരത്തെ അമർച്ച ചെയ്യുന്നതിന് നിയുക്തനാക്കപ്പെട്ട അംശം അധികാരി, മാധവമേനോന്റെ ഭാര്യാ സഹോദരൻ ആണ്. അടൂർ ഭാസിയാണ് ഈ റോളിലെത്തുന്നത്. ഗോവിന്ദന്റെയും മീനാക്ഷിയുടെയും മകനാണ് ഈ സിനിമയിലെ നായക കഥാപാത്രം, ഡോ. മോഹൻദാസ് അവതരിപ്പിച്ച രവി. തൊഴിൽ അന്വേഷകനായ ബിരുദധാരിയും പുസ്തകങ്ങളെ സ്നേഹിക്കുന്നവനും പഠിക്കുന്ന കാലത്ത് കോളേജ് യൂണിയൻ



നേതാവുമായിരുന്ന രവി മുൻ വിപ്ലവകാരി കുമാരൻ മാസ്റ്ററുടെ ശിഷ്യനും സന്തത സഹചാരിയുമാണ്. മീനാക്ഷി ഗർഭിണി ആയിരിക്കുമ്പോഴാണ് രവിയുടെ അച്ഛൻ ഗോവിന്ദൻ കൊല്ലപ്പെടുന്നത്. അതിനാൽ അച്ഛനെ കാണാതെ മുത്തച്ഛന്റെ സംരക്ഷണയിലാണ് രവി വളർന്നത്.

തൊഴിൽ അന്വേഷക നായി ഇൻറർവ്യൂവിൽ പങ്കെടുക്കാൻ പട്ടണത്തി ലേക്ക് പോകുന്ന രവി യെയാണ് സിനിമയുടെ ആരംഭത്തിൽ നാം കാണുന്നത്. ജോലി ലഭിക്കുന്നതിനു വേണ്ടിയുള്ള അയാളുടെ ശ്രമങ്ങളെല്ലാം പരാജയത്തിൽ കലാശി ക്കുന്നു. ട്രെയിൻ യാത്രയി ൽ തന്നെ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധതരത്തിലുള്ള പൊരുത്തക്കേടുകൾ രവിയുടെ ശ്രദ്ധയിൽ വരുന്നു. അവസാന ശ്രമമെന്ന നിലയിൽ കുമാരൻ മാസ്റ്ററുടെ കത്തുമായി ഒരു കാലത്ത് വിപ്ലവ പ്രസ്ഥാന ത്തിൽ പ്രവർത്തിക്കുകയും സ്വാതന്ത്ര്യാ നന്തരം വൻകിട കോൺട്രാക്ടറായി രൂപാന്തരം പ്രാപിക്കുകയും ചെയ്ത ഗോപാലൻ മുതലാളി യുടെ അടുത്തേക്കാണ് രവി തൊഴിൽ തേടി പോകുന്നത്. രവിയെപ്പോലുള്ള അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ ജോലിക്കു വേണ്ടി അലയരുതെന്നും സ്വയം സംരംഭകരായി മാറണമെന്നും അയാൾ ഉപദേശിക്കുന്നു.

തൊഴിൽ തേടി പട്ടണത്തിലേക്ക് എത്തുന്ന രവി തന്റെ സമകാലികരായി കോളേജിൽ പഠിച്ചിരുന്നവരും തുടർന്ന് സാമ്പത്തികമായി മെച്ചപ്പെട്ട നിലയിൽ എത്തിയവരുമായ ചിലരെ കണ്ടുമുട്ടുന്നു. അതിലൊരാൾ ട്രേഡ് യൂണിയൻ നേതാവ്, മറ്റൊരാൾ കോളജ് അധ്യാപകൻ, മൂന്നാമതൊരാൾ മെഡിക്കൽ റെപ്രസെന്ററ്റീവ്. ഇവരുടെയൊക്കെ ഭൗതികമായ ഉയർച്ചയിലും സുരക്ഷിത ജീവിതം ലഭ്യമായതിലും ഒക്കെയുള്ള പൊരുത്തക്കേടുകൾ, പൊള്ളത്തരങ്ങൾ രവിയെ ചിന്തിപ്പിക്കുന്നു. വാക്കും പ്രവൃ ത്തിയും തമ്മിലുള്ള വ്യത്യാസം, അസം തൃപ്തി, അടങ്ങാത്ത ഉൽക്കർഷേച്ഛ ഇവയൊക്കെയാ ണ് അവരിൽ നിഴലിച്ചു കണ്ടത്.



അരവിന്ദൻ ഒരുകാലത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വരച്ചിരുന്ന 'ചെറിയ മനു ഷ്യരും വലിയ ലോകവും' എന്ന സ്ട്രിപ്പ് കാർട്ടൂൺ പരമ്പരയിലെ കഥാപാത്രങ്ങളു ടെയും സംഭവങ്ങളുടെയും സ്മരണയുണർത്തുന്ന നിരവധി രംഗങ്ങൾ ഈ സിനിമയിൽ ദർശിക്കാം.

ഇനിയും താൻ തൊഴിൽ തേടി എങ്ങോ ട്ടേക്കും ഇല്ലെന്ന് കുമാരൻ മാസ്റ്ററോട് രവി പ്രഖ്യാപിക്കുന്നു. ഇതിനിടയിൽ രവിയുടെ

മുത്തച്ഛൻ മാധവ മേനോന്റെ നേതൃത്വത്തിൽ നാട്ടിൽ നടന്ന ഗാന്ധിയൻ രീതിയിലുള്ള സ്വാതന്ത്ര്യ സമരം, അതിൽനിന്നും വ്യത്യസ്തമായി കുമാരൻ മാസ്റ്ററുടെ നേതൃത്വത്തിൽ നടന്ന, വേണ്ടി വന്നാൽ അട്ടിമറിയിലൂടെയും ബലപ്രയോഗത്തിലൂടെയും ശത്രുവിനെ തുരത്തണമെന്ന് വാദിച്ചവരുടെ സമരം - ഇവയൊക്കെ ഫ്ലാഷ് ബാക്ക് ആയി വിശദമായി സിനിമയിൽ ചിത്രീകരിച്ചിട്ടുണ്ട്. കുമാരൻ മാസ്റ്ററുടെ നേതൃത്വ നടന്ന സമരം പോലീസിനാൽ അടിച്ചമർത്തപ്പെടുന്നു . അമ്മ,അമ്മൂമ്മ, തന്നെ സ്നേഹിക്കുന്ന കോളജ് കുമാരി ഇവരോടൊക്കെയുള്ള രവിയുടെ പെരുമാറ്റം ഊഷ്മളമല്ലാത്തതും യാന്ത്രികവുമായിരുന്നു. 'ഉത്തരം കണ്ടെത്തുന്നതല്ല, ചോദ്യം ചോദിക്കാനുള്ള കരുത്ത് നേടുന്നതാണ് പ്രധാനം' എന്ന കുമാരൻ മാസ്റ്ററുടെ വാക്കുകൾ ഈ സിനിമയിലെ താക്കോൽ വാക്യമാണ്. കുമാരൻ മാസ്റ്ററോട് യാത്ര ചോദിച്ച്,ഒരു ആശ്രമത്തിലൂടെ വനത്തിലേക്ക് പ്രവേശിക്കുന്ന രവി ചിരിച്ചുകൊണ്ട് തീ കാഞ്ഞിരിക്കുന്ന ഒരു ആദി വാസി വൃദ്ധയുടെ മുന്നിലെ അഗ്നി കുണ്ഡത്തിലേക്ക് താൻ കൊണ്ടുവന്ന മുഖംമൂടിയെടുത്തിട്ട് ചുട്ടുകരിച്ചതിനു ശേഷം വൃദ്ധയോടൊപ്പം പടർന്നു കയറുന്ന ഒരു ചിരി പ്രദാനം ചെയ്യുന്നിടത്ത് സിനിമ അവസാനിക്കുന്നു.അതുവരെ ഗൗരവഭാവം പൂണ്ട് ഒരു പുഞ്ചിരി പോലും ഉതിർക്കാതിരുന്ന നായകൻ ഉള്ളു തുറന്ന് ചിരിച്ചുകാണുന്നത് അപ്പോഴാണ്. ഈ പ്രതീകാത്മക രംഗത്തിലൂടെ സിനിമ നൽകുന്ന സന്ദേശം എന്തെന്നത് സംബന്ധിച്ച തീരു മാനം സംവിധായകൻ പ്രേക്ഷകർക്കു വിട്ടു തരുന്നു.

കാപട്യം നിറഞ്ഞ ലോകം ഉപേക്ഷിച്ച് രവി സന്യാസത്തിന്റെ പാത സ്വീകരിക്കുന്നു എന്ന് ഒരു വ്യാഖ്യാനം ഉണ്ടായതോർക്കുന്നു. എന്നാൽ പൊയ്മുഖം നശിപ്പിച്ച ശേഷം ചോദ്യം ചോദിക്കാനുള്ള കരുത്തുമായി തിരിച്ചുവന്ന് തന്നെ ആശ്രയിച്ചു നിൽക്കുന്നവരോടൊപ്പം ജീവിതത്തെ സധൈര്യം നേരിടുന്ന രവിയെ വിഭാവനം ചെയ്യാനാണ് എനിക്കിഷ്ടം. ജിദ്ദു കൃഷ്ണ മൂർത്തിയുടെ ജീവിത ദർശന ത്തിൽ തൽപരനായിരുന്ന അരവിന്ദൻ അത്തരമൊരു പരിണാമം തന്റെ കഥാപാത്രത്തിന് നൽകാനാണ് സാധ്യത എന്ന് ചിന്തിക്കാനാണ് താല്പര്യം.


മങ്കട രവിവർമ്മയുടെ ഛായാഗ്രഹണം ഉൾപ്പെടെ മികച്ച സാങ്കേതിക മികവ് പുലർത്തിയ ഈ സിനിമയിൽ മുഖ്യ കഥാപാത്രത്തിന് അനുയോജ്യനായ പുതുമുഖ നടനെ കണ്ടെത്തി അവതരിപ്പിക്കാൻ കാട്ടിയ ചങ്കൂറ്റം എത്ര അഭിനന്ദിച്ചാലും അധികമാവില്ല ●



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL
KSFDC




# കാഞ്ചന സീത



**വിനോദ്കുമാർ. പി**
ഫിൽക്ക

ഇതിഹാസകാവ്യമായ രാമായണത്തിലെ ഉത്തരകാണ്ഡത്തിൽ നിന്നുള്ള ഒരു കഥയെ വ്യാഖ്യാനിച്ച് വിശ്വോത്തര ചലച്ചിത്രകാരൻ ജി . അരവിന്ദൻ ഒരുക്കിയ ചിത്രമാണ് കാഞ്ചന സീത (1975). ശ്രീരാമൻ ഭാര്യയായ സീതയെ തന്റെ പ്രജകളെ തൃപ്തിപ്പെടുത്താൻ കാട്ടിലേക്ക് അയച്ച ശേഷം സ്വർണ്ണത്തിൽ പണിത സീതയെ വെച്ച് അശ്വമേധയാഗം ആരംഭിക്കുന്നതാണ് ഇതിന്റെ പ്രമേയം . യാഗം നടത്തണമെങ്കിൽ രാജാവിന് പത്നിയുടെ സാന്നിധ്യം വേണം . എന്നാൽ സീതയെ നമുക്ക് ഒരിടത്തും കാണാൻ സാധിക്കുന്നില്ല. പക്ഷെ സാന്നിധ്യം പ്രകൃതി യുടെ അനുഭവപ്പെടുത്തുന്നു എന്നതാണ് ഈ ചിത്രത്തിന്റെ പ്രത്യേകത.




തപസ്സനുഷ്ഠിക്കുന്ന ശൂദ്രനായ ശംബൂകനെ കൊല്ലാനുള്ള രാമന്റെയും ലക്ഷ്മണന്റെയും യാത്രയിൽ നിന്നാണ് ചിത്രം ആരംഭിക്കുന്നത്. എന്നാൽ ശംബുകന്റെ ഭാര്യ അയാളുടെ ജീവനുവേണ്ടി അപേക്ഷിക്കുകയും അയാൾ രക്ഷപ്പെടുകയും ചെയ്യുന്നു. അതിനുശേഷം രാമനും ലക്ഷ്മണനും അയോധ്യയിലേക്ക് മടങ്ങുന്നു. ദണ്ഡകാരണ്യ വനങ്ങളിൽ സീതയെ ഉപേക്ഷിച്ചതിന്റെ ആക്ഷേപങ്ങൾക്ക്, താൻ അയോധ്യയിലെ ജനങ്ങളുടെ സേവകൻ മാത്രമാണെന്ന് രാമൻ മറുപടി നൽകുന്നു. അടുത്ത ദിവസം, രാമൻ അശ്വമേധ യാഗം (അഗ്നിദേവന് കുതിരയെ ബലി നൽകുന്ന ആചാരം) നടത്തണമെന്ന് നിർദ്ദേശിക്കാൻ വസിഷ്ഠൻ എത്തുന്നു.ഈ സമയം പന്ത്രണ്ട് വർഷം മുമ്പ് അയോധ്യ വിട്ടുപോയ രാമന്റെ സഹോദരനായ ഭരതൻ തിരിച്ചെത്തുന്നു. സീതയില്ലാതെ രാമൻ യാഗം നടത്തുന്നതിനെ അദ്ദേഹം എതിർക്കുന്നു. ഈ വാദം ഒരു പോരാട്ടത്തിൽ കലാശിക്കുന്നു. പക്ഷേ പ്രകൃതിയാവുന്ന സീത ഇടപെടുന്നു. ആകാശം തുറക്കുകയും അവരുടെ മേൽ തണുത്ത മഴ പെയ്യുകയും ചെയ്യുന്നു.

അതിനു ശേഷം ലക്ഷ്മണൻ കുതിരയെ അനുഗമിക്കുന്നതോടെ യാഗം ആരംഭിക്കുന്നു. കുതിര വാൽമീകിയുടെ ആശ്രമത്തിലേക്ക് വഴിതെറ്റി ചെല്ലുന്നു. രാമന്റെ മക്കളായ ലവനും കുശനും കുതിരയെ തടഞ്ഞുനിർത്തി ലക്ഷ്മണനുമായി പോരാടാൻ തയ്യാറെടുക്കുന്നു. പക്ഷേ വീണ്ടും പ്രകൃതിയായ സീത ഇടപെടുന്നു . കുതിരയെ അയോധ്യയിലേക്ക് തിരികെ കൊണ്ടുപോകുന്നു.



ആചാരപരമായ രണ്ടാം ഘട്ടം ആരംഭിക്കുന്നു. അപ്പോഴാണ് രാമന് ശംബൂകൻ വീണ്ടും തപസ്സനുഷ്ഠിച്ചുവെന്ന വാർത്ത ലഭിക്കുന്നത്. തെറ്റ് ചെയ്ത ശൂദ്രനെ വധിക്കാൻ ലക്ഷ്മണനെ അയയ്ക്കുന്നു. ചടങ്ങ് പൂർത്തിയാകുമ്പോൾ, വാല്മീകി ലവനോടും കുശനോടും കൂടി എത്തുന്നു. പക്ഷേ വസിഷ്ഠൻ വാല്മീകിയെ യാഗശാലയിൽ പ്രവേശിക്കുന്നത് വിലക്കുന്നു.രാമൻ ലവനെയും കുശനെയും തന്റെ പുത്രന്മാരായി അംഗീകരിക്കുമ്പോൾ സീതയുടെ സന്തോഷം പ്രകൃതിയുടെ ഭാവത്തിലൂടെ പ്രതിനിധീകരിക്കുന്നു.രാമന്റെ അവസാന യാത്രയായ മഹാപ്രസ്ഥാനത്തെ ചിത്രീകരിക്കുന്നതോടെയാണ് ചിത്രം അവസാനിക്കുന്നത്. കൈയി ൽ അഗ്നിയുമായി നദിയിലേക്ക് നടക്കുന്ന രാമൻ സീതയാവുന്ന സർവ്വവ്യാപിയായ പ്രകൃതിയുമായി ഒന്നായിത്തീരുന്നു.

പുരുഷ - ശക്തി /പ്രകൃതി / സ്ത്രീ സംയോഗ രഹസ്യമായ സാംഖ്യ ദർശനത്തിലൂടെ , സ്ത്രീവീക്ഷണകോണിലൂടെ , രാമായണ ഇതിഹാസത്തെ സംവിധായകൻ പുനരാവിഷ്കരിക്കുന്നു. ആന്ധ്രാപ്രദേശിലെ ആദിവാസി മേഖലയിലായിരുന്നു സിനിമയുടെ ചിത്രീകരണം. ശ്രീരാമന്റെ വംശപരമ്പരയെന്ന് അവകാശപ്പെടുന്ന രാമചെഞ്ചു ഗോത്രവർഗ്ഗക്കാരാണ് ഇതിഹാസ നായകന്മാരുടെ വേഷങ്ങൾ ചെയ്യുന്നത്. പരമ്പരാഗത അഭിനേതാക്കളെ ഉപയോഗിക്കുക എന്നതല്ല, മറിച്ച് വേഷത്തിന് ആവശ്യമായ അവബോധാവസ്ഥയിലെത്തിയ ആളുകളെ കണ്ടെത്തുക എന്നതാണ് അരവിന്ദന്റെ ആശയം.

രാമചെഞ്ചു ഗോത്രത്തിലെ ഗ്രാമത്തലവന്റെ പേര് രാംദാസ് എന്നാണ്. രാമനായി അഭിനയിച്ച ആദിവാസിയും ഒരു ഗ്രാമത്തലവനാണ്. കവിയും നാടകകൃത്തുമായ കാവാലം നാരായണ പണിക്കരുടെ സഹോദരൻ കേശവ പണിക്കറാണ് വാൽമീകിയുടെ കഥാപാത്രത്തെ അവതരിപ്പിച്ചത്. സംവിധായകൻ ജോൺ എബ്രഹാം ഈ കഥാപാത്രത്തിന് ശബ്ദം നൽകി. സിനി മയ്ക്കായി ആദിവാസികളെ ഉപയോഗിക്കാനുള്ള ആശയത്തെ കുറിച്ച് ഒരിക്കൽ അരവിന്ദൻ പറഞ്ഞത് – 'ഈ ആദിവാസികൾ തിരുവനന്തപുരത്ത് ഔഷധങ്ങൾ വിൽക്കാൻ വന്നു. വാസ്തവത്തിൽ, ആന്ധ്രയിലെ ഗോദാവരി നദിക്ക് ചുറ്റുമുള്ള ഒമ്പത് ഗ്രാമങ്ങളിൽ താമസിക്കുന്ന ഗോത്രവർഗക്കാരാണ് ഇന്ത്യൻ ആദിവാസികളിൽ ഏറ്റവും ഉയർന്ന ബുദ്ധിശക്തിയുള്ളവരായി കണക്കാക്കപ്പെടുന്നത്. ഞാൻ തിരഞ്ഞെടുത്ത ഗോത്രം രാമചെഞ്ചുകൾ





എന്നറിയപ്പെടുന്നു. അവർ രാമവംശത്തിൽ പെട്ടവരാണെന്ന് അവർ അവകാശപ്പെടുന്നു. ശാരീരികമായി, വാൽമീകി നൽകിയ വിവരണവുമായി അവർ യോജിക്കുന്നു വെന്ന് എനിക്ക് തോന്നുന്നു. കാസ്റ്റിംഗിലെ ഈ പരീക്ഷണം നിർമ്മാണ സമയത്ത് നിരവധി ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു. കൃത്യ മായ ഒരു വിശദീകരണം നടത്തേിവന്നു. കാരണം മിക്ക അഭിനേതാക്കളും എന്റെ നിർദ്ദേശ ങ്ങൾ അനുസരിച്ചാണ് പ്രതികരി ക്കേണ്ടത് . '

അരവിന്ദൻ പ്രകൃതി-പുരുഷ ബന്ധങ്ങളുടെ സാംഖ്യ-യോഗ ദാർശനിക ആശയങ്ങൾ സിനിമയിലുടനീളം ഇഴചേർക്കുന്നു. 1977-ൽ റിലീസ് ചെയ്ത ചിത്രം ഒരു വലിയ നിരൂപക വിജയമായിത്തീർന്നു. എന്നിരുന്നാലും ചില മുഖ്യധാരാ നിരൂപകർ അതിനെ നിരാകരി ച്ചു. ദക്ഷിണേന്ത്യയിൽ സ്വതന്ത്ര ചലച്ചിത്ര നിർമ്മാണ രീതിയിലേക്കുള്ള വഴിത്താര യിൽ മുൻപന്തിയിൽ നിൽക്കുന്ന ചിത്ര മായി ഇത് കണക്കാക്കപ്പെടുന്നു. ഈ ചിത്രം അരവിന്ദന് മികച്ച സംവിധാനത്തിനുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം നേടിക്കൊ ടുത്തു.

സാംഖ്യ ചിന്തയിൽ, പുരുഷൻ അതീന്ദ്രി യമായ സ്വയം അല്ലെങ്കിൽ ശുദ്ധമായ അവബോധമാണ്. അത് കേവലവും, സ്വതന്ത്രവും, അദൃശ്യവും, അജ്ഞാതവു മാണ്. അത് ഏതൊരു അനുഭവത്തിനും അതീതമാണ് . ഏതൊരു വാക്കുകൾക്കും വിശദീകരണത്തിനും അതീതമാണ്. അത് ശുദ്ധവും, നിർഗുണ , സ്വച്ഛബോധമായി ,ബ്രഹ്മമായി തുടരുന്നു. പുരുഷൻ ചലിക്കു ന്നില്ല . സൃഷ്ടിക്കുന്നില്ല . അദ്വൈത വേദാന്ത ത്തിൽ നിന്നും പൂർവ്വ-മീമാം സയിൽ നിന്നും വ്യത്യസ്തമായി, സാംഖ്യ തത്ത്വചിന്ത പരമമായ, ശിവമായ , പുരുഷബോധത്തെ ഊന്നിപ്പറയുന്നു. എന്നാൽ വസ്തുപ്രപഞ്ചത്തിന്റെ ആദ്യ കാരണം ശക്തിയാണ് . പുരുഷൻ ഒഴികെ യുള്ള എല്ലാത്തിന്റെയും , ഭൗതികമായ സൃഷ്ടികൾക്കെല്ലാം കാരണം ശക്തിയാ ണ്. അത് സ്ത്രീയാണ് . പ്രകൃതിയാണ് . പരമമായ പ്രാപഞ്ചിക ബോധത്തിന്റെ സർവ്വാനന്ദമയ ബിന്ദുവിൽ നൃത്തം ചെയ്യു ന്ന ത്രിപുര സുന്ദരിയാണ് . ഭൗതിക



പ്രപഞ്ചത്തിന്റെ ത്രിഗുണത്തിലൂടെയോ സവിശേഷതകളിലൂടെയോ പ്രകൃതിയും പുരുഷനും സംയോജിക്കുന്നു . ശിവ - ശക്തി സംയോഗം .

ഇതിഹാസങ്ങൾ ലോകസിനിമയിൽ നിരന്തരം പുനരാഖ്യാനങ്ങളാൽ പുനർ നിർമ്മിക്കപ്പെടുന്നു. ഹംഗേറിയൻ സിനിമയിൽ മിക് ലോസ് യാങ്ചോ സംവിധാനം ചെയ്ത ഇലക്ട്രയെ പോലെ . ഇതിഹാസത്തിലെ കഥാപാത്രങ്ങളെ പുതിയ മാനങ്ങളിൽ ദൃശ്യവൽക്കരിക്കുന്നു . സംഭവങ്ങളുടെ ഗതി വ്യത്യസ്തമായി ചിത്രീ കരിക്കുകയും ചെയ്യുന്നു . സ്ഥാപിത മാനദണ്ഡങ്ങളിൽ നിന്ന് ആധുനിക സിനിമ വ്യതിചലിക്കുന്നു. രാമായണത്തിന്റെ പ്രമേയത്തിന്റെയും നായകന്മാരുടെയും ആദി-സങ്കൽപത്തെ പ്രതിഫലിപ്പിക്കാൻ ഈ സിനിമ ശ്രമിക്കുന്നു. സ്ത്രീ പ്രകൃതിയാണ് എന്നതാണ് ഈ സിനിമയുടെ ആന്തരിക സത്ത. പുരുഷസ്വഭാവമായി ഇവിടെ സങ്കൽപ്പിക്കപ്പെടുന്ന പുരുഷൻ ഒടുവിൽ പ്രകൃതിയിൽ ലയിക്കുന്നു. മലയാളത്തിലെ ആദ്യ കാവ്യങ്ങളിലൊന്നായ എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണവും രാമനെ പുരുഷനായും സീതയെ പ്രകൃതിയായും കാണുന്നുണ്ട് .ജനറൽ പിക്ചേഴ്സിന്റെ ബാനറിൽ കെ.രവീന്ദ്രൻ നായരാണ് ചിത്രം നിർമ്മിച്ചത്. സംഗീതജ്ഞൻ രാജീവ് താരാനാഥിന്റെ ശബ്ദമിശ്രണം. ഷാജി എൻ കരുണിന്റെ ഛായാഗ്രഹണം. രമേശൻ - എഡിറ്റിംഗ്. ആർട്ടിസ്റ്റ് നമ്പൂതിരിയുടെ കലാസംവിധാനം .

സീതയെ പ്രകൃതിയായി അവതരിപ്പിക്കുന്ന അസാധാരണമായ വ്യാഖ്യാനവും ചലച്ചിത്രഭാഷയും ഭാരതത്തിലെ സ്വതന്ത്ര - പരീക്ഷണ കലാസിനിമയുടെ അപൂർവ്വ ചാരുതയാണ്




# തമ്പ്



**ഡോ.പി.അജികുമാർ**

ഫിൽക്ക

ഏഴുപതുകളിൽ മലയാള സിനിമ യിലെ നവതരംഗത്തിനു ശക്തമായ അടി ത്തറ പാകിയ പ്രതിഭയാണ് അരവിന്ദൻ. വാണിജ്യ താൽപ്പര്യങ്ങൾക്കു ബദലായി നൈസ്സർഗിക വും റിയലിസ്റ്റിക്കുമായ സ്വഭാവ സവിശേഷത കൾ സൂക്ഷ്മമായി നിരീക്ഷണം ചെയ്തു സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. ഋഷി തുല്യമായ മൗനത്തിലൂടെയും മിതമായ വാക്കുകളിലൂടെയും കാഴ്ചകളുടെ കഥ പറഞ്ഞും സിനി മ ഒരു ദൃശ്യകലയാണെന്ന സങ്കല്പത്തിന് അടിവരയിട്ടു. മുപ്പത്തിയൊമ്പതാം വയസ്സിൽ ഉത്തരായണത്തിൽ നിന്ന് തുടങ്ങി അമ്പത്തിയഞ്ചാം വയസ്സിലെ വാസ്തുഹാര വരെ പുതുഭാവുകത്വം ഒരുക്കിയ സിനിമകൾ അദ്ദേഹം കൈരളിക്കു കാഴ്ചവച്ചു.



ഒരു ഡോക്കുമെന്ററി - ഫീച്ചറായി പ്ലാൻ ചെയ്ത പ്രത്യേകിച്ചു സ്ക്രിപ്റ്റോ സംഭാഷണങ്ങളോ ഇല്ലാതെ ചിത്രീകരിച്ച സിനിമയാണ് തമ്പ്. ഭാരതപ്പുഴയുടെ തീരത്തെ തിരുനാവായിൽ കുറച്ചു സർക്കസ് കലാകാരന്മാരുമായി എത്തി സംഭവങ്ങൾ യഥാതഥമായി ചിത്രീകരിക്കുകയായിരുന്നുവെന്ന് അരവിന്ദൻ തന്നെ പറഞ്ഞിട്ടുണ്ട്.

നാട്ടിൻ പുറത്തു തമ്പടിക്കുന്ന സർക്കസ്സ് കമ്പനി . ഇതുവരെ കാണാത്ത സർക്കസ് കാണുന്ന ഗ്രാമീണർ. അവരുടെ മുഖ ഭാവങ്ങൾ. ഗ്രാമീണ ജീവിത കാഴ്ചകൾ. ഒടുവിൽ നാട്ടിൽ ഉത്സവം കൊടിയേറു മ്പോൾ സർക്കസ്സ് കാണാൻ ആളില്ലാതെയാകുന്നു. അങ്ങനെ ആ സംഘം അവിടെ നിന്നും തിരിച്ചു പോകുന്നു. ഇതാണ് തമ്പിന്റെ ചുരുക്കം.

സർക്കസ് കലാകാരന്മാരുടെ ദൗർഭാഗ്യകരമായ ജീവിതം ഇവിടെ ശക്തമായി ആവിഷ്കരിക്കുന്നുണ്ട്. കൊച്ചു കുട്ടികൾ മുതൽ പ്രായമേറിയവർ വരെ ഒരു അനുഷ്ഠാനം പോലെ ജീവിക്കാൻ വേണ്ടി കാണിക്കുന്ന അഭ്യാസങ്ങൾക്ക് പിന്നിലെ ദൈന്യതകൾ പല സീക്വൻസുകളിലും വെളിപ്പെടുന്നുണ്ട്. സർക്കസ് അവസാനിക്കുന്നതിനു മുൻപ് മാനേജർ തമ്പിൽ ആഘോഷം നടത്തുന്നുണ്ട്. മദ്യവും പാട്ടുമായി നീങ്ങുന്ന ആ വേളയിൽ ആനന്ദത്താൽ ചുവടു വയ്ക്കുന്ന വൃദ്ധനായ കോമാളിയെ മാനേജർ അടിക്കുന്നുണ്ട്. എട്ടു വയസ്സിൽ തമ്പിനുള്ളിൽ പെട്ടു. ഇപ്പോൾ നാൽപ്പത്തി നാല് കൊല്ലമായി. നിത്യവും മരിച്ചു ജീവിക്കുന്നു എന്ന് കൃഷ്ണൻ എന്ന കോമാളി കഥാപാത്രം ആത്മഗതം ചെയ്യു



ന്നുണ്ട്. മറ്റൊരു രംഗത്തിൽ ഒരേ സമയം കോമാളി മുഖത്തു ചായം പൂശുന്നതും കുരങ്ങനെ ചായം തേയ്ക്കുന്നതും നാണയത്തിന്റെ ഇരുവശങ്ങൾ പോലെ കാണിക്കുന്നുണ്ട്. ഇങ്ങനെ ദുർബലരും നിസ്സഹായരുമായ ഒരു പറ്റം മനുഷ്യ ജീവിത ങ്ങൾ തമ്പിൽ കാണാം.



സർക്കസ് ഉദ്ഘാടനം ചെയ്യുന്നത് നാട്ടിലെ പ്രമുഖനും മലേഷ്യയിൽ നിന്നും വന്ന പണക്കാരനുമായ മേനോൻ ആണ്. വളരെക്കാലം മലേഷ്യയിലായിരുന്ന തിനാൽ മലയാളത്തിൽ സംസാരിക്കാൻ നല്ല വശമില്ല എന്ന അൽപ്പത്തം അയാൾ വിളമ്പു ന്നുണ്ട്. സമ്പന്നനായ അയാളുടെ യുവാവായ മകൻ അമ്പലപ്പറമ്പിൽ ആൽച്ചുവട്ടിൽ നിശ്ശബ്ദനായി ഇടയ്ക്ക കേൾക്കുന്നുണ്ട്. സോപാന സംഗീതം പാടുന്നുണ്ട്. കുടുംബത്തിനോട് പൊരുത്തപ്പെടാത്ത അയാൾ ഒടുവിൽ സർക്കസ് മാനേജരുടെ അനുമതിയോടെ അവർക്കൊപ്പം യാത്രയാ കുന്നു. വൃദ്ധനായ കോമാളിയോട് തോളു

രുമ്മിയിരുന്നു മയങ്ങുന്നിടത്തു തമ്പിന് തിരശീല വീഴുന്നു.നെടുമുടി എന്ന മഹാനടന്റെ അരങ്ങേറ്റമായിരുന്നു അത്. സാമ്പത്തികമായി നല്ല ചുറ്റുപാടുള്ള ആ ചെറുപ്പക്കാരൻ അത് വെടിഞ്ഞു ഈ സർക്കസുകാരോടൊപ്പം അലയാൻ, നാട് ചുറ്റാൻ പോകുന്നതിന്റെ ഉദ്ദേശ്യം അത് പ്രേക്ഷകന് വിട്ടു തരികയാണ്. തമ്പിലെ ഓരോ കാഴ്ചയും അത്തരത്തിലാ ണ്. ആ മൗനങ്ങൾ അർഥപൂർണ്ണമാകേണ്ടത് പ്രേക്ഷക ഹൃദയത്തിലാണ്. അതു കൊണ്ടാണ് പ്രാർഥനാപൂർവം മൗനം മുഖമുദ്രയാക്കിയ അരവിന്ദന്റെ സിനിമകളെക്കുറിച്ച് നടത്തിയ പഠനത്തിന് ഈയിടെ അന്തരിച്ച എസ് . ജയചന്ദ്രൻ നായർ 'മൗന പ്രാർഥന പോലെ 'എന്ന് പേരിട്ടത്.

ഭരത് ഗോപി, വി. കെ. ശ്രീരാമൻ , ജലജ , ഗ്രേറ്റ് ചിത്ര സർക്കസ്സിലെ കലാകാരന്മാർ, കൂടാതെ നാട്ടുകാരുമാണ് ഇതിൽ അഭിന യിച്ചിട്ടുള്ളത്. ഇതിൽ എടുത്തു പറയേണ്ടത് ഞെരളത്തു രാമപ്പൊതുവാൾ ഇടയ്ക്ക വാദകനായി ഇതിൽ അഭിനയിക്കുന്നു് എന്നതാണ് . സർക്കസ് വീക്ഷിക്കുന്ന ഓരോ ആളിന്റെയും കൗതുകം വെളിവാക്കുന്ന ഷാജി.എൻ .കരുണിന്റെ ക്യാമറ നൈപുണ്യം അംഗീകരിച്ചേ പറ്റൂ. ബ്ലാക്ക് ആൻഡ് വൈറ്റി





ലൂടെ അവതരിപ്പിക്കുന്ന ഓരോ ഫ്രെയിമും നമ്മെ അതിശയിപ്പിക്കുന്നു. മനോഹരമായ രണ്ടു ഗാനങ്ങൾ ഈ ചിത്രത്തിൽ ഉള്ളതും ശ്രദ്ധേയമാണ്. ഒന്നു സോപാനമാണെങ്കിൽ മറ്റേതൊരു നാടൻ പാട്ടാണ്. പശ്ചാത്തല സംഗീതമില്ലെങ്കിലും. അതിന്റെ അനുഭൂതി അവാച്യമാണ്.

സർക്കസ് കലയ്ക്ക് വളരെയേറെ സംഭാവന നൽകിയ നാടാണ് കേരളം. പ്രത്യേകിച്ചു തലശ്ശേരി. തുടക്കത്തിൽ പഞ്ചായത്ത് പ്രസിഡന്റിനോട്,തലശ്ശേരിയിലുള്ള വരാണ് തങ്ങളുടെ ഗുരുക്കൾ എന്ന് ഉദ്ഘാടനത്തിന് ക്ഷണിക്കാൻ ചെന്നവർ പറയുന്നുണ്ട്. മെയ്‌വഴക്കവുമായി ജീവിതത്തോട് മല്ലിടുന്ന അവരുടെ യഥാർത്ഥ മുഖം ദൈന്യതയുടേതാണ്. എന്നാൽ അതിൽ നിന്നും പുറത്തുകടക്കാൻ അവർക്കാകുന്നില്ല. ഒരു ഗ്യാരന്റിയുമില്ലാതെ ഒരു നിശ്ചയമില്ലയൊന്നിനും എന്ന കണക്കിനുള്ളതാണ് അവരുടെ ജീവിത പ്രയാണം. കാലം മാറിയതോടെ ഇത്തരം കലകളിൽ ജനങ്ങൾക്ക് താൽപ്പര്യം കുറഞ്ഞു. ഏറെക്കുറെ അന്യവൽക്കരിക്കപ്പെട്ടുപോയി. ഈ അവസ്ഥയും ഇതിൽ സൂചിപ്പിക്കുന്നുണ്ട്.



തീർത്തും ഗ്രാമീണ പശ്ചാത്തലത്തിൽ ചിത്രീകരിച്ചിരിക്കുന്ന തമ്പിൽ ഗ്രാമകാഴ്ചകൾ സുലഭമാണ്. സർക്കസ് നോട്ടീസ് വിതരണം, ഷോയ്ക്ക് മുൻപേ മൃഗങ്ങളെയും മറ്റും കാണുന്ന കൗതുകം, സർക്കസ്





കാണാനായി കുടുംബങ്ങളുടെ വരവ്, കടല കൊറി, ബീഡി വലി, കുളിക്കടവിലെ പ്രേമം, കള്ള് ഷാപ്പിലെ സൗഹൃദം, കൂടാരത്തിൽ മുഴങ്ങുന്ന സിനിമാ ഗാനങ്ങൾ, സർക്കസ്സ്കാരിൽ നിന്നും പണം പിരിക്കുന്ന ഉത്സവ കമ്മിറ്റി, ഫ്രീ പാസ്സ് ഒപ്പിക്കുന്ന പോലീസ്കാരൻ, തിരക്കു പിടിച്ച പത്രപ്രവർത്തകൻ, തന്റെ ഭാര്യയുടെ സദാചാരഭ്രംശം കാണുന്ന പട്ടാളക്കാരൻ, ഉത്സവത്തിന്റെ ഒരുക്കം എന്നിവയിലെല്ലാം യഥാതഥമായ ഒരന്തരീക്ഷം നിലനിർത്തുന്നു. അരവിന്ദൻ എന്ന പ്രതിഭയിലെ കാർട്ടൂണിസ്റ്റിനെ ഇവിടെ തെളിഞ്ഞു കാണാം.

ചുരുക്കത്തിൽ ശ്രദ്ധേയവും വ്യത്യസ്തവുമായ ഭാഷയും ശൈലിയും ദൃശ്യങ്ങളും കൊ് മലയാള സിനിമയിൽ തന്റേതായ



വ്യക്തിമുദ്ര പതിപ്പിച്ച ജി . അരവിന്ദന്റെ മാസ്റ്റർ പീസാണ് തമ്പ്. 'കൂട്ടം തെറ്റി മേഞ്ഞ ' ആ മഹാപ്രതിഭയുടെ വിഷയ സ്വീകരണത്തിലും അവതരണത്തിലുമുള്ള വ്യതിരിക്തതയും അപ്രമേയത്വവും ഇതിൽ ശക്തമായി പ്രതിഫലിക്കുന്നു ●



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL


# ഒറ്റയ്ക്ക് നടക്കുന്ന ദാർശനികൻ : ജി.അരവിന്ദന്റെ ഡോക്യുമെന്ററി



ജിജോ ജേക്കബ്
ഫിൽക്ക



ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് വേണ്ടി പ്രവർത്തിച്ച് സമാന്തര സിനിമയിൽ പ്രാഗത്ഭ്യം തെളിയിച്ച കാർട്ടൂണിസ്റ്റും ചിത്രകാരനും നാടകക്കാരനും സംഗീതജ്ഞനുമായ ജി . അരവിന്ദൻ ശ്രദ്ധേയമായ ഡോക്യുമെന്ററികളും എടുത്തിട്ടു്. ജിദ്ദു കൃഷ്ണമൂർത്തിയുടെ ജീവിതത്തെ അടിസ്ഥാനമാക്കിയെടുത്ത , ഒറ്റയ്ക്ക് നടക്കുന്ന ദാർശനികൻ എന്ന ഡോക്യുമെന്ററി 1985-ൽ ആണ് സംവിധാനം ചെയ്തത് .

സ്വന്തം അന്വേഷണങ്ങളിലൂടെ സത്യത്തിന്റെ പാതയെ കണ്ടെത്തുക , മതങ്ങൾ തരുന്ന പല വഴികളെ ഉപേക്ഷിക്കുക എന്ന് ജെ . കൃഷ്ണമൂർത്തി പറയുന്നു. നിരീക്ഷണ പാടവം ജീവിതത്തിൽ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറയുന്നുണ്ട്. സൂര്യന്റെ സുവർണ്ണ കിരണങ്ങളിൽ വർണ്ണശബളമാകുന്ന അസ്തമയത്തെയും ഒരു കണ്ണാടി പുതപ്പ് പോലെയുള്ള ജലാശങ്ങളെയും ജി. കൃഷ്ണമൂർത്തി തന്റെ ബാഹ്യ നേത്രങ്ങളാൽ കാണുന്നു.ബാല്യകാലത്ത് കണ്ട ലക്ഷണങ്ങൾ ആ കുട്ടി ഒരു വിശ്വ ഗുരുവായി തീരും എന്ന പ്രവചനത്തിന് വഴിയൊരുക്കി . പിന്നെ ആ കുട്ടി വളരുന്നത് തിയോസഫിക്കൽ സൊസൈറ്റിയുടെ ദത്ത് പുത്രനായാണ്. പ്രകൃതിയുടെ സൗന്ദര്യം റൊമാന്റിസിസത്തിൽ നിന്നും സെന്റിമെന്റലിസത്തിൽ നിന്നും വലുതാണ് എന്ന് അദ്ദേഹം അറിയുന്നു.

കൃഷ്ണമൂർത്തി ജനിച്ചത് ആന്ധ്രപ്രദേശിലെ മദനപ്പള്ളി എന്ന സ്ഥലത്താണ് . ചെറുപ്പത്തിൽ തന്നെ നീ കാൽനടയാത്രകൾ നടത്തി മലമുകളിൽ ഉള്ള ക്ഷേത്രത്തിലോട്ട് പോകുന്നത് ആ ബാലന് ഇഷ്ടമായിരുന്നു. വളർന്നപ്പോൾ പൂർണ്ണമായ ആത്മീയതയ്ക്ക് വേണ്ട സ്വാതന്ത്ര്യത്തെക്കുറിച്ച് അദ്ദേഹം പ്രഭാഷണം നൽകി. ഞാൻ കണ്ടതിൽ വച്ച് ഏറ്റവും സൗന്ദര്യമുള്ള മനുഷ്യൻ എന്ന്





ജോർജ് ബർണാഡ് ഷായും കണ്ടതിൽ വെച്ച് അഭിമാനിക്കാവുന്ന കണ്ടു മുട്ടൽ എന്ന് അമേരിക്കൻ എഴുത്തുകാരനായ ഹെൻട്രി മില്ലനും സ്നേഹത്തിന്റെ നാഥൻ വന്നു എന്ന് ഖലീൽ ജിബ്രാനും പറയുമ്പോൾ കൃഷ്ണമൂർത്തിയുടെ പ്രഭാവം നമുക്ക് മനസ്സിലാകും.

കുറേ വർഷം ജോലിചെയ്ത് റിട്ടയർ ആയി മരിക്കുന്നതല്ല ജീവിതം . ഉത്കണ്ഠ അല്ല ജീവിതം എന്ന സന്ദേശം നമുക്ക് തരുന്നു. മനപ്പാഠം പഠിക്കുന്ന പാഠ്യരീതികളെ അദ്ദേഹം വിമർശിക്കുന്നു. മനശാസ്ത്ര പരമായ അന്വേഷണം എല്ലാവരുടെയും പരിണാമത്തിന് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം വിളിച്ചോതുന്നു.

ഹിംസ, മനുഷ്യത്വം ഇല്ലായ്മ , രാഷ്ട്രീയ അഴിമതി എന്നീ പ്രശ്നങ്ങൾ അദ്ദേഹം തന്റെ കണ്ണുകളാൽ വീക്ഷിച്ചിരുന്നു. കാറ്റ് , ജലം തുടങ്ങിയവയുടെ ഉഗ്രശക്തിയാൽ നശിച്ചുപോകുന്ന ഒരു തളിർചെടിയെ പോലെ, മനുഷ്യനും ആപത്കരമാണ് മേൽപറഞ്ഞ കാരണങ്ങൾ. മരണത്തിന്റെ അജ്ഞത മനുഷ്യനെ ഭീതിപ്പെടുത്തുന്നു. മസ്തിഷ്കത്തിൽ ചിന്തകൾക്ക് പ്രവേശിക്കുവാൻ സ്ഥലം ഉണ്ടെങ്കിൽ മാത്രമേ നമുക്ക് പുതിയ ചിന്തകളെ ഉൾക്കൊള്ളുവാൻ പറ്റുകയുള്ളൂ. നിശബ്ദതയുടെയും നിശ്ചലതയുടെയും സൗന്ദര്യത്തെക്കുറിച്ച് അദ്ദേഹം പറയുന്നു. നമ്മുടെ ബോധം നഷ്ടമായാൽ മാത്രമേ നമുക്ക് ധ്യാനത്തിൽ പൂർണ്ണത കൈവരൂ.

ജി . അരവിന്ദൻ 1974 നും 1991 നും മദ്ധ്യേ പന്ത്രണ്ടോളം ഡോക്യുമെന്ററികൾ ചെയ്തി ട്ടുണ്ട്. ആദ്യത്തേത് വി.ടി.ഭട്ടതിരിപ്പാടിനെ കുറിച്ചുള്ളതാണ് . രേഖാചിത്രകാരൻ നമ്പൂതിരിയെ കുറിച്ചുള്ളതാണ് കൊണ്ടോ ഴ്സ് ഓഫ് ലീനിയർ റിഥം (1987). ഭരതനാ ട്യത്തെ കുറിച്ചുള്ള ഡ്യോക്യുമെന്ററിയാ ണ് സഹജ . കൂടാതെ കെയർ , ഫോറെസ്റ്റ് എന്നിവയ്ക്ക് വേണ്ടിയും ഹ്യസ്വ ചിത്രങ്ങൾ ഒരുക്കിയിട്ടുണ്ട് .




January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL



(പ്രതികരണം)


# വാർദ്ധക്യവും സ്മൃതി നാശവും പ്രമേയമായ നവംബർ ചലച്ചിത്രമേള



**ജോൺ തോമസ്**
ഫിൽക്ക

ഓർമ്മിക്കാനും ചിന്തിക്കാനും ഉള്ള കഴിവാണ് മനുഷ്യനെ ജീവജാലങ്ങളിൽ വ്യത്യസ്തനാക്കുന്നത്. എന്നാൽ ഓർമ്മ നഷ്ടപ്പെടുന്ന അവസ്ഥ വന്നു ചേർന്നാലോ? വാർദ്ധക്യത്തിൽ എത്തുമ്പോൾ മരണ തുല്യമായ ഈ അവസ്ഥയിലൂടെ കടന്നു പോകാൻ വിധിക്കപ്പെട്ട മനുഷ്യർ നിരവധിയാണ്. 'വാർദ്ധക്യവും സ്മൃതിനാശവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള നാല് സിനിമകൾ അടങ്ങുന്ന മേളയാണ് ഫിൽക്ക ഫിലിം സൊസൈറ്റി, ജോയിൻറ് കൗൺസിൽ - നന്മ, ബീം , തുടങ്ങിയ ഫിലിം സൊസൈറ്റികളുടെ സഹകരണത്തോടെ ജോയിൻറ് കൗൺസിൽ എ.സി ഓഡിറ്റോറിയത്തിൽ വച്ച് 2024 നവംബർ മാസത്തെ പരിപാടിയായി സംഘടിപ്പിച്ചത്.

ഈ മേളയുടെ ഉദ്ഘാടനം അൽഷീമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി പ്രസിഡ് ഡോ . റോബർട്ട് മാത്യു, സീനിയർ സിറ്റിസൺസ് സർവീസ് കൗൺസിൽ സംസ്ഥാന സെക്രട്ടറി ഹനീഫ റാവുത്തർ മുഖ്യാതിഥിയായി രുന്ന ചടങ്ങിൽ വച്ച് നിർവഹിച്ചു. മറവി രോഗത്താലും അൽഷിമേഴ്സിനാലും ബുദ്ധിമുട്ടുന്നവർക്ക് തന്റെ സംഘടന നടത്തുന്ന സേവനത്തെക്കുറിച്ച് ലഘുവായി വിവരിച്ച റോബർട്ട് മാത്യു , ഈ രോഗാവസ്ഥയുമായി ബന്ധപ്പെട്ട് നടത്തുന്ന ഏത് പ്രവൃത്തിക്കും തങ്ങളുടെ സംഘടനയുടെ പിന്തുണ വാഗ്ദാനം ചെയ്തു. തങ്ങൾ ആരും ചിന്തിക്കാത്ത കാര്യമാണ് അതായത് ' വാർദ്ധക്യവും സ്മൃതിനാശവും' എന്ന പ്രമേയം അടങ്ങുന്ന ചലച്ചിത്രങ്ങളുടെ മേള എന്ന ആശയമാണ് ഫിൽക്ക നടപ്പാക്കിയിരിക്കുന്നതെന്നും അക്കാര്യത്തിൽ ഫിൽക്ക ഫിലിം സൊസൈറ്റി അഭിനന്ദനം അർഹിക്കുന്നുവെന്നും പറഞ്ഞു.




വയോജനങ്ങളുടെ സ്മൃതി നാശത്തേക്കാൾ യുവതലമുറ, ഈ രോഗത്തിന് വിധേയരായ തങ്ങളുടെ കുടുംബത്തിലും സമൂഹത്തിലുമുള്ള ആൾക്കാരെ അവഗണിക്കുകയും വിസ്മരിക്കുകയും ചെയ്യുന്ന സ്മൃതി നാശമാണ് കൂടുതൽ മനോവേദന ഉളവാക്കുന്നതെന്ന് ഹനീഫ റാവുത്തർ അഭിപ്രായപ്പെട്ടു.

തുടർന്ന് പ്രശസ്ത സിനിമാ നിരൂപകൻ വിജയകൃഷ്ണന്റെ നേതൃത്വത്തിൽ കോളജ് വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വേണ്ടി നവംബർ പതിനേഴാം തീയതി നടന്ന ക്വിസ് മത്സരത്തിൽ വിജയികളായവർക്കും സമ്മാനാർഹരായവർക്കുമുള്ള ക്യാഷ് അവാർഡ്, സമ്മാനങ്ങൾ, സർട്ടിഫിക്കറ്റുകൾ എന്നിവ വിതരണം ചെയ്തു.

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL
KSFDC
filca






വ്യത്യസ്തമായ ഒരു ചടങ്ങാണ് അടുത്തതായി അരങ്ങേറിയത്. വാർദ്ധക്യം, സ്മൃതി നാശം എന്നീ വിഷയങ്ങളെ അധികരിച്ച് ഒൻപത് കവികൾ നവംബർ മാസത്തെ ഫിൽക്കാ വിഷൻ മാഗസിനിൽ പ്രസിദ്ധീകരിച്ച തങ്ങളുടെ കവിതകൾ യോഗത്തിൽ നേരിട്ട് എത്തി ചൊല്ലുകയുണ്ടായി. വൃദ്ധസദനത്തിൽ പാർപ്പിക്കപ്പെടുന്ന വയോജനങ്ങളുടെ ആശങ്കകൾ, തങ്ങളും ഈ ശാരീരികാവസ്ഥയിൽ കാലക്രമേണ എത്തിപ്പെടുമെന്ന മുൻധാരണയില്ലാതെ വയോജനങ്ങളോട് നിന്ദാപൂർവ്വം പെരുമാറുന്ന യുവതലമുറ എന്നിങ്ങനെ വ്യത്യസ്ത പ്രമേയങ്ങൾ അടങ്ങുന്ന കവിതകൾ പാരായണം ചെയ്യപ്പെട്ടു. കവികൾക്കുള്ള സർട്ടിഫിക്കറ്റുകൾ, പാരിതോഷികം എന്നിവ യോഗത്തിൽ വിതരണം ചെയ്തു.ഫിൽക്ക ഫിലിം സൊസൈറ്റി വൈസ് പ്രസിഡൻറ് ഗിരിജാ സുരേന്ദ്രൻ, ട്രഷറർ വിനോദ് കുമാർ, ജോയിൻറ് സെക്രട്ടറി ജ്യോതിഷ് കുമാർ, ജനറൽ സെക്രട്ടറി സാബു ശങ്കർ എന്നിവർ ഔപചാരികമായ അഭിസംബോധനകൾ നടത്തി യോഗ നടപടികൾ നിയന്ത്രിച്ചു.

നോട്ട്ബുക്ക് എന്ന ജനപ്രിയ നോവലിനെ അടിസ്ഥാനമാക്കി അതേ പേരിൽ രൂപം കൊണ്ട അമേരിക്കൻ സിനിമയാണ് ചലച്ചിത്ര മേളയിൽ ആദ്യമായി പ്രദർശിപ്പിച്ചത്.


വേനലവധിക്കാലം ചെലവഴിക്കാനായി നോർത്ത് കരോളിനയിലെ സീബ്രൂക്ക് ദ്വീപിൽ മാതാപിതാക്കളോടൊപ്പം എത്തുന്ന അല്ലി എന്ന സമ്പന്ന കുടുംബാംഗം നോഹ എന്ന കായികമായി അധ്വാനിച്ച് കഴിയുന്ന ഗ്രാമീണ യുവാവുമായി പ്രണയത്തിലാകുന്നു. വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന, യാന്ത്രികമായ ദിന ചര്യകൾ ഉൾക്കൊള്ളുന്ന അവളുടെ ജീവിതത്തിന് കുളിർമയും ആഹ്ലാദവും പകരുന്ന ഒന്നായിരുന്നു നോഹ അവളെ കൈ പിടിച്ചു നടത്തിയ സാഹസികതയും കാണാക്കാഴ്ചകളും അതിരറ്റ സ്നേഹവും ഒക്കെ ചേർന്ന അനുഭവങ്ങൾ. അച്ഛനും അവനും മാത്രമുള്ള നോഹയുടെ ഭവനത്തിലേക്ക് അവൾക്ക് എന്നും സ്വാഗതം ആയിരുന്നു. എന്നാൽ അല്ലിയുടെ വീട്ടുകാരെ സംബന്ധിച്ച് അത് തങ്ങളുടെ വിലയ്ക്കും നിലയ്ക്കും ചേരാത്ത ഒരു ബന്ധം. ഒഴിവുകാലം കഴിഞ്ഞതോടെ ഉന്നത വിദ്യാഭ്യാസത്തിനായി പട്ടണത്തിലേക്ക് തിരികെ പോകുന്ന അല്ലിയുടെ വീട്ടുകാർക്ക് ഈ ബന്ധത്തിന് തടയിടുക എന്ന ഉദ്ദേശ്യവും ഉണ്ടായിരുന്നു. ഒരു ദിവസം ഒന്നെന്ന പ്രകാരം അവനയച്ച കത്തുകൾ ചെന്നു ചേർന്നത് അവളുടെ അമ്മയുടെ കയ്യിലേക്ക് ആയിരുന്നു. അവരത് അവൾക്ക് കൈ മാറാതെ സൂക്ഷിച്ചുവെക്കുന്നു. നോഹ നിർബന്ധിത പട്ടാള സേവനത്തിനും നോഹയെ താൽക്കാലികമായിട്ടാണെങ്കിലും മറക്കാൻ നിർബന്ധിക്കപ്പെടുന്ന അല്ലി വിവാഹിതയാകാൻ വേണ്ടി തന്റെ കുടുംബം തെരഞ്ഞെടുത്ത ക്യാപ്റ്റൻ ലോണുമായുള്ള ബന്ധത്തിലേക്കും പ്രവേശിക്കുന്നു.

ഇവിടെയാണ് ഈ സിനിമ ശ്രദ്ധേയമാകുന്ന രണ്ടു പ്രധാന സംഭവങ്ങൾ നടക്കുന്നത്. പട്ടാളത്തിൽ നിന്നും നോഹ തിരിച്ചു വരുന്നതോടെ അവന്റെ അച്ഛൻ തങ്ങളുടെ

വീട് വിറ്റു കിട്ടിയ പണം കൊണ്ട് നോഹയുടെയും അല്ലിയുടെയും സമാഗമം നടന്നിരുന്നതും അവൾ വളരെയേറെ ഇഷ്ടപ്പെട്ടിരുന്നതും കാലങ്ങളായി ആൾവാസമില്ലാതിരുന്നതുമായ വീട് വിലയ്ക്ക് വാങ്ങിയിരുന്നു. ഇത് അവൻ ഒരു സ്വപ്നലോകം പോലെ, അവളുടെ ഓർമ്മയുണർത്തുന്ന ഒരു മ്യൂസിയം പോലെ പുന:നിർമ്മിക്കുന്നു. വിവാഹനിശ്ചയം നടന്ന മകൾ പൂർവ്വ കാമുകനുമായി സംഗമിക്കുകയും അയാളിൽ ആകൃഷ്ടയാവുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കിയ അവളുടെ അമ്മ, തന്റെ മുൻകാല കാമുകനായ ഒരു തൊഴിലാളിയെ മറന്നുകൊണ്ട് സാമ്പത്തിക ഭദ്രതയും സന്തുഷ്ടിയും നിറഞ്ഞ ജീവിതത്തിനു വേി ധനികനായ അവളുടെ അച്ഛനെ വിവാഹം ചെയ്ത ചരിത്രം തന്റെ മുൻകാല കാമുകനായിരുന്ന തൊഴിലാളിയെ ദൂരെ നിന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് മകളോട് പറയുന്നു. അങ്ങനെ അല്ലിയും നോഹയും അവരവരുടെ വഴിക്ക് പോകുന്നു. സ്വപ്നവും യാഥാർത്ഥ്യവും തമ്മിൽ ബന്ധമില്ലെന്ന് അവൾ തിരിച്ചറിയുന്നു.

വർഷങ്ങൾക്കുശേഷം മറവിരോഗം ബാധിച്ച് സാനിറ്റോറിയത്തിൽ എത്തിയ അവൾക്ക് സമീപം വൃദ്ധനായ നോഹയെത്തി .അവരുടെ ജീവിതാനുഭവങ്ങൾ അവൾ മുൻപ് എഴുതിവച്ച നോട്ടുബുക്കിൽ നിന്നും വായിച്ചുകൊടുക്കുകയും ആദ്യം അതൊരു കഥയെന്ന മട്ടിൽ കേട്ടിരുന്ന അല്ലി അവസാനം അത് തന്റെ കഥയാണെന്നും വായനക്കാരൻ ആരാണെന്നും തിരിച്ചറിഞ്ഞ് ആഹ്ലാദ ചിത്തയാവുകയും അവരുടെ മനസ്സും ശരീരവും ഒന്നാകുകയും ചെയ്യുന്നിടത്ത് സിനിമ അവസാനിക്കുന്നു. അടുത്തകാലത്ത് നിര്യാതയായ നോബൽ സമ്മാനം നേടിയ എഴുത്തുകാരി ആലിസ് മൺറോയുടെ കഥയെ ആധാരമാക്കി രൂപം കൊണ്ടതാണ് രണ്ടാമതായി അവതരിപ്പിക്കപ്പെട്ട 'എവേ ഫ്രം ഹോം'എന്ന ചിത്രം. സ്മൃതിനാശം എന്ന പടിപടിയായി വളരുന്ന രോഗത്തെ വൈദ്യശാസ്ത്രപരമായും വൈകാരികമായും വിശകലനം ചെയ്ത് കുടുംബാന്തരീക്ഷത്തിൽ അത് ഉളവാക്കുന്ന തിക്തഫലങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നു ഈ സിനിമ.

മിത്തോളജി പ്രൊഫസറായ ഗ്രാന്റിനോട് അദ്ദേഹത്തിന്റെ സുന്ദരിയായ ശിഷ്യ ഫിയോണ വിവാഹാഭ്യർത്ഥന നടത്തുകയും അയാളുടെ ഭാര്യാപദത്തിൽ




എത്തുകയും ചെയ്യുന്നു. താനുമായുള്ള സ്നേഹത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല ഭർത്താവിൻെറ ബന്ധങ്ങൾ എന്ന് അറിഞ്ഞുകൊണ്ട് തന്നെ അവരുടെ ദാമ്പത്യബന്ധം നാല്പതിലേറെ വർഷം നീണ്ടുനിന്നു. അപ്പോഴാണ് അവളിൽ സ്മൃതിനാശത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്. ചികിത്സയുടെ ഭാഗമായി ഒരു സാനറ്റോറിയത്തിൽ പ്രവേശിക്കപ്പെടുന്ന അവൾ 30 ദിവസം വീട്ടുകാരിൽ നിന്നും മാറിയുള്ള താമസത്തിന് വിധിക്കപ്പെടുന്നു. ഇക്കാലയളവിൽ അവളുടെ രോഗം പടി




പടിയായി മൂർച്ഛിക്കുകയും ഭൂതകാലം അപ്പാടെ മറന്ന് അവൾ നേരിൽ കാണുന്ന വർത്തമാനകാല അനുഭവങ്ങളിൽ മുഴുകുകയും അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നു. അതേ സാനറ്റോറിയത്തിലെ കടുത്ത മറവി രോഗത്തിന് ഇരയായ ഓബ്രി എന്ന വൃദ്ധന് അവൾ തുണയും കണ്ണീരൊപ്പുന്നവളും സന്തോഷം പകരുന്നവളുമായി മാറുന്നു. ഭർത്താവും ഒത്തുള്ള ജീവിതം അവളുടെ ഓർമ്മയിൽ നിന്നും മായുന്നു. പ്രിയപ്പെട്ട പുസ്തകം, പ്രിയ കവി വാൾട്ട് വിറ്റ്മാന്റെ വരികൾ ഒന്നും അവളെ പഴയ കാലം ഓർത്തെടുക്കാൻ അനുവദിക്കുന്നില്ല. അവളിൽ നിന്നും വിട്ടു നിൽക്കുന്നത് ഓബ്രിയുടെ രോഗം മൂർച്ഛിക്കാൻ ഇടയാക്കുന്നുവെന്ന കണ്ടെത്തൽ അവളെ ദുഃഖിതയാക്കുന്നു.

ഇക്കാര്യങ്ങൾ മനസ്സിലാക്കുന്ന ഗ്രാൻറ് സംശയത്തോടെയാണ് ഈ ബന്ധത്തെ ആദ്യം വീക്ഷിച്ചതെങ്കിലും പിന്നീട് അതുമായി പൊരുത്തപ്പെടുന്നു. എന്നാൽ സിനിമയുടെ അന്ത്യത്തിൽ അവൾക്ക് താൽക്കാലികമായിട്ടാണെങ്കിലും പഴയ ഓർമ്മ തിരിച്ചു കിട്ടുകയും ഗ്രാൻറും ഫിയോണയും തമ്മിലുള്ള പുനഃസമാഗമം ഉണ്ടാവുകയും ചെയ്യുന്നു. രോഗം മൂർച്ഛിക്കുന്നതിനു മുൻപ് പഴയ ഓർമ്മകൾ നഷ്ടപ്പെട്ട്, സാനറ്റോറിയത്തിൽ അവൾ കണ്ട ദുരിത ജീവിതത്തിനുടമ ഓബ്രിയുടെ സഹായിയും സ്നേഹിതയും ആയി ഫിയോണ മാറുന്ന രംഗങ്ങൾ ആണ് ഈ ചിത്രത്തെ വ്യത്യസ്തവും ചേതോഹരവും ആക്കുന്നത്.

മൂന്നാമതായി അവതരിപ്പിക്കപ്പെട്ട ഇംഗ്ലീഷ് ചിത്രം ’ഫാദർ’ ഓർമ്മകൾക്ക് ഊടും പാവും നഷ്ടപ്പെട്ട ആൻറണി എന്ന വൃദ്ധന്റെ സ്ഥലകാലവിഭ്രാന്തി അതേ ടെക്നിക്ക് ഉപയോഗിച്ചു പകർത്തി ഈ വിഭ്രമകാവസ്ഥ പ്രേക്ഷകനെ കൊണ്ട് അനുഭവിക്കുന്ന സിനിമയാണ്. വൃദ്ധനെ കൂടാതെ മൂത്ത മകൾ, അപമൃത്യുവിന് ഇരയായ രണ്ടാമത്തെ മകൾ, മൂത്ത മകളുടെ ഭർത്താവ്, പരിചരിക്കാൻ എത്തുന്ന നേഴ്സുമാർ, ഡോക്ടർ എന്നിവർ കഥാപാത്രങ്ങളായുള്ള ഈ സിനിമയിൽ കെട്ടുപിണഞ്ഞ് കിടക്കുന്ന ഓർമ്മകൾക്കു മുന്നിൽ സ്ഥലകാല ബോധം നഷ്ടപ്പെട്ട വൃദ്ധന്റെ ധർമ്മസങ്കടം ചേതോഹരമായി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. വ്യക്തികളെ തമ്മിൽ തിരിച്ചറിയാനുള്ള കഴിവു പോലും പലപ്പോഴും അയാൾക്ക് നഷ്ടപ്പെടുന്നു. അവസാനം തന്റെ എന്നോ മരിച്ചുപോയ അമ്മയെ ഓർത്ത് നഴ്സിന്റെ മടിയിൽ തല വച്ച് കരയുന്ന വൃദ്ധന്റെ റോളിൽ ആൻറണി ഹോപ്കിൻസ് ഉജ്ജ്വലമായ അഭിനയം കാഴ്ച വച്ചിരിക്കുന്നു.

ഉച്ചയ്ക്ക് മുൻപ് അവതരിപ്പിക്കപ്പെട്ട രണ്ട് ചിത്രങ്ങളും കാല്പനിക സ്വഭാവം പുലർത്തുന്നവയായിരുന്നുവെങ്കിൽ ഉച്ചയ്ക്ക് ശേഷം അവതരിപ്പിക്കപ്പെട്ട രണ്ടു ചിത്രങ്ങളും പ്രത്യേകിച്ചും അവസാന ചിത്രം, പാം ദ് ഓർ ഉൾപ്പെടെയുള്ള അവാർഡുകൾ നേടിയ മൈക്കിൾ ഹനേകെയുടെ വിഖ്യാത ഫ്രഞ്ച് ചിത്രം ’അമോർ’ തികഞ്ഞ യാഥാർത്ഥ്യബോധം പുലർത്തുന്നതാണ്. സംഗീതാധ്യാപകരായിരുന്ന വൃദ്ധ ദമ്പതികൾ ജോർജസും ആനി

യും സന്തുഷ്ടമായി നീങ്ങിയ അവരുടെ ജീവിതത്തിൽ വിള്ളൽ വീഴ്ത്തിക്കൊണ്ട് ഭാര്യ നാഡീ സംബന്ധമായ രോഗത്തിന് അടിപ്പെടുന്നു. അഞ്ചു ശതമാനം മാത്രം റിസ്ക് ഉള്ളതെന്ന് ഡോക്ടർമാർ പറഞ്ഞ ശസ്ത്രക്രിയ ഭാര്യയെ ഒരു വശം തളർന്ന അവസ്ഥയിൽ എത്തിക്കുന്നു. ഭർത്താവിനോട് അവരുടെ അപേക്ഷ ഒന്നുമാത്രം. എന്നെ ഇനിയും ആശുപത്രിയിൽ ആക്കരുത്. അയാൾ ആ അപേക്ഷ ശിരസ്സാ വഹിച്ച് അവരെ പരിചരിക്കുന്ന ജോലി സ്വയം ഏറ്റെടുക്കുന്നു.

നല്ല അയൽക്കാർ ഉണ്ടെങ്കിലും അവരുടെ സഹായത്തിന് പരിമിതിയുണ്ട്. നഴ്സിനെ നിയമിക്കുന്നുണ്ടെങ്കിലും രോഗിയോട് കരുണയറ്റ പെരുമാറ്റം ആണ് ചിലർ കാഴ്ച വയ്ക്കുന്നത്. ഇംഗ്ലീഷുകാരനായ ഭർത്താവുമായി ബന്ധം പിരിയാൻ തയ്യാറെടുത്തു നിൽക്കുന്ന മകൾ വല്ലപ്പോഴുമുള്ള സന്ദർശനം കൊണ്ട് അവളുടെ കടമ നിർവഹിക്കുന്നു. അമ്മയെ ഒരു നേഴ്സിങ് ഹോമിൽ ആക്കാനാണ് അവൾ ഉപദേശിക്കുന്നത്. അപ്പോഴേക്കും അടുത്ത പക്ഷാഘാതം സംഭവിക്കുകയും അവരുടെ നില കൂടുതൽ വഷളാവുകയും ചെയ്യുന്നു. മാനസികമായും ശാരീരികമായും തളർന്ന ആ വൃദ്ധൻ ജീവച്ഛവം പോലെ കിടക്കുന്ന ഭാര്യയെ ശ്വാസം മുട്ടിച്ചു കൊല്ലുന്നു. അങ്ങനെ വഴിമുട്ടിയ അവസ്ഥയിൽ ഒരുതരം 'യൂത്ത നേഷ്യ' അയാൾ നടത്തുന്നു. തുടർന്നുള്ള പ്രതീകാത്മ രംഗത്തിൽ അയാളും അവരോടൊപ്പം പോകുന്നതായി ചിത്രീകരിച്ചിരിക്കുന്നു.

ഭാര്യയുടെ രോഗം ഗുരുതരാവസ്ഥയിൽ എത്തുന്നത് ഹൃദയസ്പർശിയായി ആവിഷ്കരിച്ചിരിക്കുന്നു. ഫ്രഞ്ച് എഴുത്തുകാരൻ ഹർനൻ കോർട്ടിന്റെ നോവൽ അവർ താൽപര്യപ്പെട്ട് വായിക്കുവാൻ ശ്രമിക്കുന്നെങ്കിലും കഴിയുന്നില്ല.

പ്രിയ ശിഷ്യന്റെ പിയാനോ വാദനത്തിന്റെ സി.ഡി കേൾക്കാൻ തുടങ്ങിയത് നിർത്താൻ ആവശ്യപ്പെടുന്നു. ഭക്ഷണപാനീയങ്ങൾ സ്വീകരിക്കുന്നതിൽ വിരക്തി കാട്ടുന്നു. സംസാരശേഷി ഉണ്ടായിരുന്ന ഒരവസരത്തിൽ കുടുംബചിത്രങ്ങൾ അടങ്ങിയ ആൽബം കയ്യിൽ തരാൻ അവർ ഭർത്താവിനോട് ആവശ്യപ്പെടുകയും ഏതാനും പേജുകൾ കൗതുകത്തോടെ മറിച്ചു നോക്കിക്കൊണ്ട്, 'ജീവിതം സുന്ദരമാണ്, ഇതുവരെ',എന്ന് പറയുകയും ചെയ്യുന്നു. ഭാര്യയുടെ വേദനാ ജനകമായ അസ്തിത്വം ഇല്ലാതാക്കാൻ തയ്യാറെടുക്കുന്ന ജോർജസ് അതിനു മുൻപ് തിരക്കിട്ട് എഴുതുന്ന കത്തിൽ തന്റെ മുറിയിൽ രണ്ടാം പ്രാവശ്യം കടന്നുകൂടിയ ഒരു പ്രാവിനെ ഒരു കറുത്ത തുണി ഉപയോഗിച്ച് പിടിച്ച ശേഷം വിട്ടയച്ചുവെന്നും പറയുന്നുണ്ട്. നിൽക്കക്കള്ളിയില്ലാതെ തങ്ങളുടെ അസ്തിത്വത്തിന് അന്ത്യം കുറിക്കാൻ പോവുകയാണെങ്കിലും മനുഷ്യരടക്കമുള്ള ശേഷം ജീവജാലങ്ങളുടെ ജീവിതം അഭംഗുരം തുടരട്ടെ എന്നൊരു സൂചന നൽകുന്നതുപോലെ അനുഭവപ്പെട്ടു.

വയോജനങ്ങളുടെയും ഓർമ്മയുമായി ബന്ധപ്പെട്ട രോഗികളുടെയും സംഖ്യ വർദ്ധിച്ചു വരുന്ന ലോകത്ത് നിവസിക്കുന്ന നമ്മെ പോലുള്ളവരുടെ ചിന്തയ്ക്ക് വിഷയീഭവിക്കേ പ്രമേയങ്ങൾ അടങ്ങുന്ന സിനിമകളുടെ മേളയും കവിതാലാപനവും ഒരുക്കിയ ഫിൽക്കക്ക് അഭിനന്ദനങ്ങൾ. ●


വാർത്ത

# പ്രസക്തമായ ചലച്ചിത്രോത്സവ വിഷയങ്ങൾ : ഫിലിം ജേർണലിസം പരിശീലനം





**സാം ആന്റണി**
ഫിൽക്ക



ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വാർദ്ധക്യവും സ്മൃതിനാശവും എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി നടത്തിയ ഫിലിം ഫെസ്റ്റിവലിന്റെ ഉത്ഘാടനം നവംബർ 24-ആം തീയതി ഞായറാഴ്ച തിരുവനന്തപുരം ജോയിന്റ് കൗൺസിൽ എ.സി. ഹാളിൽ വച്ചു നടന്ന ചടങ്ങിൽ അൾഷൈമേഴ്സ് ആന്റ് റിലേറ്റഡ് ഡിസ്ഓർഡർ സോസൈറ്റി, ട്രിവാൻഡ്രം പ്രസിഡന്റ് ഡോ. റോബർട്ട് മാത്യു നിർവഹിച്ചു. ചടങ്ങിൽ നോവലിസ്റ്റും പത്രപ്രവർത്തകനും ചലച്ചിത്ര നിരൂപകനുമായ സാബു ശങ്കർ, ജോയിന്റ് കൗൺസിൽ സ്റ്റേറ്റ് ജനറൽ സെക്രട്ടറി ജയചന്ദ്രൻ കല്ലിങ്കൽ, സീനിയർ സിറ്റിസൺ സർവീസ് കൗൺസിൽ സ്റ്റേറ്റ് ജനറൽ സെക്രട്ടറി ഹനീഫ റാവു ത്തർ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ഫിൽക്ക ട്രഷറർ വിനോദ് .പി അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും സ്വാഗതം അർപ്പിക്കുകയും ചെയ്തു.










നിക്ക് കാസവേറ്റ്സ് സംവിധാനം ചെയ്ത അമേരിക്കൻ ചലച്ചിത്രം നോട്ട്ബുക്ക്, സാറ പോളി സംവിധാനം ചെയ്ത കനേഡിയൻ ചലച്ചിത്രം എവേ ഫ്രം ഹെർ, ഫ്ളോറിയൻ സെഫ്ഫെർ സംവിധാനം ചെയ്ത ഫ്രാൻസ്സിൽ നിന്നുള്ള ചലച്ചിത്രം ഫാദർ, മൈക്കിൾ ഹനേക്ക സംവിധാനം ചെയ്ത ഫ്രഞ്ച് ചലച്ചിത്രം അമോർ എന്നിവയാണ് ഇത്തവണ പ്രദർശിപ്പിച്ച ചലച്ചിത്രങ്ങൾ. കെ.എസ്.എഫ്.ഡി.സി, ചലച്ചിത്ര അക്കാദമി, ബീം ഫിലിം സൊസൈറ്റി, അർപ്പണ ഫൗഷേൻ ഫിലിം സൊസൈറ്റി, പ്രിയദർശിനി ഫിലിം സൊസൈറ്റി, തലസ്ഥാന പൗര സമിതി, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ മിഷൻ, എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ഫിലിം ഫെസ്റ്റിവൽ ചടങ്ങിൽ ക്വിസ്സ് മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ച അൾഷിമേഴ്സ് ആന്റ് റിലേറ്റഡ്



ഡിസ്ഓർഡർ സോസൈറ്റി, ട്രിവാൻഡ്രം പ്രസിഡന്റ് ഡോ. റോബർട്ട് മാത്യു വാർദ്ധക്യവും സ്മൃതിനാശവും എന്ന വിഷയം ഈ മാസത്തെ ഫിലിം ഫെസ്റ്റിവലിന്റെ തീമായി സെലക്ട് ചെയ്തതിന് ഫിൽക്ക ഫിലിം സൊസൈറ്റിയെ പ്രത്യേകം അഭിനന്ദിക്കുന്നു എന്ന് പറഞ്ഞു.

**ഡോ.റോബർട്ട് മാത്യു :**

'മറവിരോഗം ഉള്ളവരെ സഹായിക്കാനും അവരിൽ അവബോധം ഉണ്ടാക്കാനുമായി കഴിഞ്ഞ 30 വർഷമായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ് അൾഷിമേഴ്സ് ആന്റ് റിലേറ്റഡ് ഡിസ്സോർഡർ സോസൈറ്റി ഓഫ് ഇന്ത്യ എന്ന സംഘടന. അതിന്റെ തിരുവനന്തപുരം ചാപ്റ്റർ കഴിഞ്ഞ 25 വർഷമായി പ്രവർത്തിക്കുന്നു. ഈ രോഗത്തെ കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കാനായി ക്യാമ്പുകൾ നടത്തുക, ക്ലാസുകൾ നടത്തുക, രോഗികളെയും ബന്ധുക്കളെയും തമ്മിൽ ചേർത്തു കൊണ്ടുപോവുക തുടങ്ങിയ കാര്യങ്ങളാണ് ഈ സംഘടന ചെയ്തുവരുന്നത്. സ്വന്തം വീടുകളിൽ പരിചരണം സാധ്യമാകാത്ത രോഗികളെ സംരക്ഷിക്കാനായി ഒരു സ്ഥാപനം തന്നെ ഞങ്ങൾ നടത്തുന്നുണ്ട്. ഈ രംഗത്ത് പ്രവർത്തിച്ചു തുടങ്ങിയിട്ട് ഇത്രയേറെ വർഷങ്ങൾ ആയെങ്കിലും മറവിരോഗത്തെ സംബന്ധിച്ചുള്ള ഒരു സിനിമ പ്രദർശിപ്പിക്കാനോ അല്ലെങ്കിൽ ഒരു ഫിലിം ഫെസ്റ്റിവൽ നടത്താനോ ഇതുവരെയും ഞങ്ങൾക്ക് ആയിട്ടില്ല. ഞങ്ങളെക്കൊണ്ട് സാധിക്കാത്ത ഒരു കാര്യം വളരെ മനോഹരമായി സംഘടിപ്പിക്കുകയും, അത് നടത്തിയപ്പോൾ ഞങ്ങളെ കൂടെ ഒപ്പം ചേർക്കുകയും ചെയ്ത ഫിൽക്കയോട് നന്ദി അറിയിക്കുകയും അതൊരു വലിയ പ്രിവിലേജ് ആയി കരുതുകയും ചെയ്യുന്നു. '

'മറവി രോഗത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അത് പ്രധാനമായും പ്രായമുള്ളവർക്ക് വരുന്ന ഒരു രോഗാവസ്ഥയായി കണക്കാക്കണം. 90 വയസ്സിന് മുകളിലുള്ള രണ്ടുപേരിൽ ഒരാൾക്ക് മറവി രോഗം തീർച്ചയായും കാണും. 90 വയസ്സിന് മുകളിലുള്ളവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മറവി രോഗമുള്ളവരുടെ എണ്ണവും അതുപോലെതന്നെ കൂടിക്കൊണ്ടിരിക്കുന്നു എന്നുള്ളത് ഗൗരവത്തോടെ കാണേണ്ടതുണ്ട്. എന്നാൽ മറവി രോഗത്തിന് ചികിത്സ ഇല്ല എന്നുള്ളതാണ് ദുഃഖകരമായ സത്യം. മറന്നു പോകുന്നതൊക്കെ ഓർമിപ്പിച്ചാൽ ഒരു പരിധിവരെ രോഗിയെ നമുക്ക് സഹായിക്കാൻ സാധിക്കും. എന്നാൽ രോഗബാധയെ തുടർന്നുണ്ടാകുന്ന പെരുമാറ്റത്തിലെ വ്യതിയാനങ്ങൾ - അതായത് കോപം, ഉത്കണ്ഠ, മനോവിഭ്രാന്തി തുടങ്ങിയ മാറ്റങ്ങൾ രോഗിയുടെ മാനസികാരോഗ്യത്തെയും ആയുസ്സിനേയും തന്നെ ബാധിച്ചേക്കാം. മനോവിഭ്രാന്തിയുള്ള സമയത്ത് ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്നു തോന്നുകയും, പലപ്പോഴും ആരൊക്കെയോ തങ്ങളെ ഉപദ്രവിക്കാൻ ശ്രമിക്കുന്നു എന്നുള്ള ചിന്ത വരുകയും ഒക്കെ ചെയ്തേക്കാം.

ഈ ഘട്ടത്തിൽ ശരീര ശുദ്ധിക്ക് ഒട്ടും പ്രാധാന്യം കൊടുക്കാതിരിക്കുക, മറ്റുള്ളവരിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് ഒരു വിലയും കൽപ്പിക്കാതിരിക്കുക, ഉറക്കം പൂർണമായോ ഭാഗികമായോ നഷ്ടപ്പെടുക, അല്ലെങ്കിൽ രാത്രി ഉണർന്നിരിക്കുകയും പകലുറങ്ങുകയും ചെയ്യുക തുടങ്ങിയവ സംഭവിച്ചേക്കാം. രോഗം മൂർച്ഛിക്കുമ്പോൾ സ്വയവും ഒപ്പം മറ്റുള്ളവരെയും തിരിച്ചറിയാതിരിക്കുക എന്ന അവസ്ഥയിലേക്കും രോഗി പോയേക്കാം. ഇത്തരം പെരുമാറ്റ വ്യതിയാനങ്ങൾ ഇവരെ പരിചരിക്കുന്നവർക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയേക്കും. ഈ രോഗാവസ്ഥ




കൊണ്ടുണ്ടാകുന്ന ഏറ്റവും വലിയ മറ്റൊരു പ്രശ്നവും അത് തന്നെയാണ്. ഇത്തരം അവസ്ഥകൾ അഞ്ചുവർഷം തൊട്ടു 10 വർഷം വരെ നീണ്ടു നിന്നേക്കാം. സാധാരണ മനോരോഗികൾക്ക് വരുന്ന എല്ലാവിധ ലക്ഷണങ്ങളും മറവിരോഗം ഉള്ളവർക്കും വന്നേക്കാം ഒരുപക്ഷേ അതിലും വളരെ കൂടുതലായിരിക്കും എന്നത് ഈ രോഗത്തിന് പ്രത്യേകതയാണ്. അതു കൊണ്ടുതന്നെ ഒരു മറവി രോഗിയെ ശരിയായ രീതിയിൽ ശുശ്രൂഷിക്കാൻ സ്വന്തം കുടുംബത്തിലുള്ളവർക്കു സാധ്യമായില്ല എന്ന് വരും. ഇത്തരം ഒരു രോഗിയെ പരിചരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഇത്തരം അവസ്ഥകളിലൂടെ കടന്നു പോകുന്ന കുടുംബത്തിലുള്ളവർക്കൊഴികെ മറ്റാർക്കും അറിയാനോ, മനസ്സിലാകാനോ ഉള്ള സാധ്യതയുമില്ല. ഇതുകൊണ്ടൊക്കെ തന്നെയാണ് മറവിരോഗത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നത് അതുകാണുന്ന പ്രേക്ഷകരിൽ മറവി രോഗത്തിന്റെ പ്രത്യേകതകളെക്കുറിച്ചും, രോഗി കടന്നുപോകുന്ന അവസ്ഥകളെക്കുറിച്ചും, അവരെ പരിചരിക്കുന്നവരുടെ ബുദ്ധിമുട്ടുകളെയും പ്രയാസങ്ങളെക്കുറിച്ച് ഒക്കെ കൃത്യമായ അവബോധം വളർത്താൻ സഹായിക്കും എന്ന് ഞാൻ പറഞ്ഞത്. ഇത്തരം ഒരു ഫിലിം ഫെസ്റ്റിവൽ നടത്താൻ താല്പര്യമെടുത്തതിന് ഫിൽക്ക ഫിലിം സൊസൈറ്റി ടീമിനെ അഭിനന്ദിച്ചുകൊും നന്ദി പറഞ്ഞുകൊണ്ടും ഈ ചടങ്ങ് ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു. '

തുടർന്നു സംസാരിച്ച പ്രഭാത് ബുക്ക് ഹൗസിന്റെ മുൻ ജനറൽ മാനേജറും സീനിയർ സിറ്റിസൺ സർവീസ് കൗൺസിൽ സ്റ്റേറ്റ് ജനറൽ സ്ക്രെട്ടറിയുമായ ഹനീഫ റാവുത്തർ വാർദ്ധക്യവും സ്മൃതിനാശവും എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഈ ഫിലിം ഫെസ്റ്റിവൽ പോലുള്ള പ്രയോജനപ്രദകരമായ പരിപാടികൾ നടത്തുന്ന ഫിൽക്കയുമായി സഹകരിച്ച് മുന്നോട്ട് പ്രവർത്തിക്കണമെന്നതാണ് ഞങ്ങളുടെ സംഘടനയുടെ ആഗ്രഹം എന്നു പറഞ്ഞു .

**ഹനീഫ റാവുത്തർ :**

'വൃദ്ധജനങ്ങളുടെ എണ്ണവും അൽഷിമേഴ്സ് പോലുള്ള രോഗങ്ങൾ പിടിപെടുന്നവരുടെ എണ്ണവും ലോകത്തെവിടെയും

കൂടി വരികയാണ്. കഴിഞ്ഞ 16 വർഷമായി കേരളത്തിൽ പ്രവർത്തിക്കുന്ന സീനിയേഴ്സ് സിറ്റിസൺസ് സർവീസ് കൗൺസിലിനെ സംബന്ധിച്ചിടത്തോളം അൽഷിമേഴ്സ് പോലുള്ള മറവി രോഗങ്ങൾ ഉള്ള രോഗികളെ അടുത്ത് പരിചയപ്പെടാനും, അവരുടെയും അവരെ പരിചരിക്കുന്ന വീട്ടുകാരുടെയും ബുദ്ധിമുട്ടുകളും മനസ്സിലാക്കാനുമൊക്കെ സാധിച്ചിട്ടുണ്ട്. ഡോക്ടർ പറഞ്ഞതുപോലെ ഇതിന് പ്രത്യേകിച്ച് ചികിത്സ ഒന്നുമില്ലെങ്കിലും സ്നേഹമാണ് ഒരു ചികിത്സ എന്ന് പറയാം. സ്നേഹപൂർവ്വമുള്ള പരിചരണം കൊണ്ടു മാത്രമേ ഇത്തരം രോഗികളെ സഹായിക്കാൻ പറ്റൂ എന്ന് ഇവിടെ പ്രദർശിപ്പിക്കുന്ന സിനിമകളൊക്കെത്തന്നെ പറഞ്ഞു വെക്കുന്നു. എന്നാൽ പുതിയ തലമുറയിൽ പെട്ടവർ ഇത്തരം രോഗികൾ, അത് സ്വന്തം അച്ഛനാവട്ടെ അമ്മയാകട്ടെ അപ്പൂപ്പനാകട്ടെ അമ്മൂമ്മയാകട്ടെ , സഹോദരങ്ങൾ തുടങ്ങി ആരുമാകട്ടെ, അവരുടെ അവസ്ഥകൾ മനസ്സിലാക്കുന്നതിൽ വളരെയേറെ വൈമുഖ്യം കാണിക്കുന്നുണ്ട്. ഒരുപക്ഷേ അവർക്ക് സമയമില്ലാത്തതു കൊണ്ടായിരിക്കാം, അല്ലെങ്കിൽ അവരെക്കൊണ്ട് ഇനി ഒരു പ്രയോജനമില്ല എന്ന് തോന്നലിൽ നിന്നായിരിക്കാം ഇത്തരം അവഗണനകൾ ഉണ്ടാകുന്നത്. അല്ലെങ്കിൽ തന്നെ ഇപ്പോൾ മറ്റുള്ളവരെ വെറും വസ്തുക്കളായി കാണുന്ന കാലമാണ്. '

' ഉപയോഗമില്ലാത്ത വസ്തുക്കളെ സൂക്ഷിച്ചു വെക്കുന്നതിൽ ഒരു കാര്യവുമില്ല എന്ന ചിന്ത മനുഷ്യരിൽ വന്നു കഴിഞ്ഞു. വയോജന സദസ്സുകളിൽ പ്രസംഗിക്കുമ്പോ ഴൊക്കെ കുട്ടിക്കാലത്ത് കുഞ്ഞുങ്ങളെ അപ്പനമ്മമാർ എത്രത്തോളം പ്രയാസപ്പെട്ടാണ് വളർത്തിക്കൊണ്ടു വന്നത് എന്നതിനെപ്പറ്റി ഞങ്ങൾ പറയാറുണ്ട്. എന്തുകൊണ്ടാണ് സ്വന്തം രക്തബന്ധത്തിലുള്ള രോഗികളോട് ചിലരൊക്കെ ഇങ്ങനെ പെരുമാറുന്നത് എന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളൂ. സ്മൃതിനാശം എന്ന രോഗാവസ്ഥയെ തിരിച്ചറിയാൻ അവർക്ക് സാധിക്കുന്നില്ല. അവർക്ക് ശക്തമായ ബോധവൽക്കരണം അത്യാവശ്യമാണ്. ഇതിനുവേണ്ടി തന്നെയാണ് അൽഷിമേഴ്സ് ആന്റ് റിലേറ്റഡ് ഡിസ്സോർഡർ സോസൈറ്റി, സീനിയേഴ്സ് സിറ്റിസൺസ് സർവീസ് കൗൺസിൽ തുടങ്ങിയ സംഘടനകൾ പ്രവർത്തിക്കുന്നത്. മറ്റൊരു കാര്യം പറയാനുള്ളത് ചെറുപ്പ കാലത്ത് തങ്ങളുടെ അപ്പനമ്മമാർ തങ്ങളെ എത്രത്തോളം കഷ്ടപ്പെട്ട് വളർത്തി വലുതാക്കിയെന്നതൊക്കെ വിസ്മരിച്ചു കളയുന്ന പുതിയ തലമുറയുടെ മനപ്പൂർവ്വമുള്ള സ്മൃതിനാശത്തെ കുറിച്ചാണ്. ഇതിന് തന്നെയാണ് ഏറ്റവും വലിയ ചികിത്സ വേണ്ടത് എന്നാണ് എനിക്ക് തോന്നുന്നത്. അൽഷിമേഴ്സിനെ കുറിച്ചുള്ള വൻപിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കുചേർന്ന ഫിൽക്ക ഫിലിം സൊസൈറ്റിക്കും, നന്മ ഫിലിം സൊസൈറ്റിക്കും എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു. '

ചടങ്ങിൽ സംസാരിച്ച സാബു ശങ്കർ ഫിൽക്ക ഫിലിം ഫെസ്റ്റിവലുകളിൽ കാലിക സാമൂഹിക പ്രസക്തങ്ങളായ പ്രത്യേക വിഷയങ്ങൾ തിരഞ്ഞെടുത്ത്, ഗവേഷണം നടത്തി, അതത് വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഏറ്റവും പ്രശസ്തങ്ങളായ ലോക ക്ലാസിക്കുകളാണ് ഓരോ മാസവും പ്രദർശിപ്പിക്കുന്നത് എന്നു പറഞ്ഞു.

'ഡിസംബറിൽ ഐ.എഫ്.എഫ്.കെ ഫിലിം ഫെസ്റ്റിവൽ നടക്കുന്നതിനാൽ ഫിൽക്കയുടെ പ്രതിമാസ ഫിലിം ഫെസ്റ്റിവൽ ഉണ്ടായിരിക്കുന്നതല്ല. ഐ.എഫ്.എഫ്.കെ യെ അടിസ്ഥാനപ്പെടുത്തിയുള്ള സ്പെഷ്യൽ

എഡിഷൻ ഫിൽക്ക ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഇതിലേക്ക് ലേഖനങ്ങളും സിനിമ അവലോകങ്ങളും എഴുതുന്നതിലേക്ക് ഏവരെയും ക്ഷണിക്കുന്നു. ലേഖകർക്കുള്ള പരിശീലനം നൽകുന്നതിനായി ഒരു ഏകദിന ജേർണലിസം പരിശീലന ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർക്ക് അതിലേക്ക് അപേക്ഷ അയക്കാവുന്നതാണ്. മറ്റൊരു പ്രധാന കാര്യം, സുപ്രസിദ്ധ സംവിധായകൻ ജി. അരവിന്ദന്റെ 89-ആം ജന്മദിനത്തോടനുബന്ധിച്ച് ജനുവരിയിൽ ജി. അരവിന്ദൻ ഫിലിം ഫെസ്റ്റിവൽ ഉണ്ടായിരിക്കുന്നതാണ്.'

ചടങ്ങിൽ സ്വാഗതം അർപ്പിച്ച് സംസാരിച്ച ഫിൽക്ക ട്രഷറർ വിനോദ് കുമാർ.പി , ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടക്കുന്ന ഫിൽക്ക കഴിഞ്ഞ രണ്ടു വർഷമായി ചെയ്തു വരുന്ന ചില പദ്ധതികൾക്ക് തുടക്കമിട്ടു കഴിഞ്ഞു എന്ന് പറഞ്ഞു.

'വിഷ്വൽ മീഡിയ അടിസ്ഥാനമാക്കിയുള്ള, ' സിനിമയുടെ വിശ്വജാലകം' എന്ന ചലച്ചിത്ര ഗവേഷണ പരമ്പരയാണ്. ഫിലിം ഫെസ്റ്റിവലുകൾ,അഭിമുഖങ്ങൾ, സിനി മ പഠനങ്ങൾ തുടങ്ങിയവ ഫിലിം വിദ്യാർഥികൾക്കും സിനിമാ സ്നേഹികളായ പ്രേക്ഷകർക്കുമായി എപ്പിസോഡുകളായി പ്രദർശിപ്പിക്കുന്ന വിജ്ഞാനപ്രദമായ പദ്ധതിയാണിത്. കഴിഞ്ഞ ഒന്നര വർഷമായി ഷൂട്ട് ചെയ്ത ഫിലിം ഫെസ്റ്റിവലുകളും മറ്റും എപ്പിസോഡുകളായി എഡിറ്റ് ചെയ്തു വരുന്നുണ്ട്. ഇതിലെ ആദ്യത്തെ എപ്പിസോഡ് വിശ്വപ്രസിദ്ധ സംവിധായകൻ അടൂർ ഗോപാലകൃഷ്ണനുമായുള്ള ഇന്റർവ്യൂ ആയിരുന്നു. അത് അടൂർ ഫിലിം ഫെസ്റ്റിവലിൽ തന്നെ പ്രദർശിപ്പിച്ചു കഴിഞ്ഞു. മറ്റൊരു പദ്ധതി ഒരു ഫീച്ചർ ഫിലിം ആണ്. ഇതിന്റെ ഒന്നാം ഷെഡ്യൂൾ പൂർത്തിയായി . രാം ഷെഡ്യൂൾ ചിത്രീകരണം ഉടനെ ആരംഭിക്കും . ഇതിൽ കഥാപാത്രങ്ങളാകുവാൻ ഫിൽക്ക അംഗങ്ങൾക്ക് അവസരമുണ്ട് . സാങ്കേതിക രംഗത്തും പരിശീലനം നേടാം . അതു പോലെതന്നെ ഐ.എഫ്.എഫ്.കെ ഫിലിം ഫെസ്റ്റിവലിൽ പങ്കെടുക്കുന്നവർക്ക് ഫിൽക്ക വഴി ' ഫിലിം ആക്ടിവിസ്റ്റ് ഡെലിഗേറ്റ് 'പാസുകൾ അപേക്ഷിക്കാവുന്നതാണ്. '

## ഫിലിം ജേർണലിസം ശിൽപ്പശാല

ഫിൽക ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ IFFK ഫിലിം ഫെസ്റ്റിവലിനോട് മുന്നോടിയായി നടത്തിവരുന്ന ഫിലിം ജേണലിസം ശില്പശാല 2924 നവംബർ




8-ആം തീയതി ഞായറാഴ്ച തിരുവനന്തപുരം ജോയിന്റ് കൗൺസിൽ ഹാളിൽ വച്ചു നടത്തുകയുണ്ടായി. സിനിമ നിരൂപകനും നോവലിസ്റ്റുമായ വിജയകൃഷ്ണൻ, നോവലിസ്റ്റും പത്രപ്രവർത്തകനും ചലച്ചിത്ര നിരൂപകനുമായ സാബു ശങ്കർ, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ മിഷൻ തിരുവനന്തപുരം സംസ്ഥാന പ്രസിഡ് അഡ്വക്കേറ്റ് ഫിലിപ്പ് ജോസഫ് തുടങ്ങിയവർ ചടങ്ങിൽ

സംസാരിച്ചു. ഫിലിം ജേർണലിസത്തിന്റെ ഉത്ഭവത്തെയും വികാസപരിണാമങ്ങളെക്കുറിച്ചുമൊക്കെ വിജയകൃഷ്ണൻ വിശദമായി ക്ലാസ്സ് എടുത്തു .

ഒരു ഫിലിം ജേർണലിസ്റ്റ് എത്രത്തോളം ആത്മാർത്ഥതയോടെ കൂടിയും, വിശകലന ബുദ്ധിയോടു കൂടിയും, സത്യസന്ധമായും പ്രവർത്തിക്കണമെന്നും റിപ്പോർട്ടുകൾ തയ്യാറാ ക്കണമെന്നുമുള്ളത് ക്ലാസുകളിൽ എടുത്തു പറയപ്പെട്ടു. സർക്കുലേഷനും പണസമ്പാദനവും മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മാധ്യമങ്ങളുടെ ഇടയിൽ സിനിമയുടെ ഉന്നമനത്തിനും സാമൂഹിക പുരോഗതിക്കുമായി പ്രവർത്തിക്കാൻ ഓരോ പുതിയ ജേർണലിസ്റ്റ് വിദ്യാർത്ഥിയേയും പ്രേരിപ്പിക്കുന്നവയായിരുന്നു വിജയ കൃഷ്ണന്റെ പ്രഭാഷണം . ഫിലിം ജേർണലി



സത്തിന്റെ ചരിത്രം ലോകസിനിമ , ഇന്ത്യൻ സിനിമ , മലയാള സിനിമ എന്നിങ്ങനെ വേർതിരിച്ച് വിശദീകരിച്ചു .ചടങ്ങിൽ അതിഥികൾക്കും വിദ്യാർത്ഥികൾക്കും ഫിൽക്ക ട്രഷറർ വിനോദ് കുമാർ പി സ്വാഗതം അർപ്പിച്ചു. ചടങ്ങിൽ സംസാരിച്ച സാബു ശങ്കർ വിവിധങ്ങളായ നിരൂപണ ശാഖകളിൽ പ്രധാനപ്പെട്ട ഒന്നാണ് ചലച്ചിത്ര നിരൂപണം എന്ന് പറഞ്ഞു. ചലച്ചിത്രത്തെ പണസ്സമ്പാദനത്തിനുള്ള ഒരു ഉപാധിയായി കാണുന്നെങ്കിൽ അത് ഒരിക്കലും ഒരു



യഥാർത്ഥ സിനിമ ആകില്ല. യഥാർത്ഥ സിനിമ , മാനുഷിക - സാമൂഹിക പക്ഷത്തും സാംസ്കാരിക പക്ഷത്തും നിലയുറപ്പിച്ചുകൊണ്ട് സഞ്ചരിക്കുന്ന പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന സർഗാത്മക ശില്പങ്ങളായിരിക്കും. ഏതൊരു കലാരൂപത്തെക്കുറിച്ചും ആഴത്തിലും പരപ്പിലുമുള്ള അറിവില്ലാതെ മഹത്തായ ഒരു കലാസൃഷ്ടി നടത്തുവാൻ സാധ്യമല്ല.

സിനിമാ സംബന്ധിയായ ബുക്കുകൾ വായിക്കുകയും ധാരാളം സിനിമകൾ കാണുകയും ചെയ്യാത്ത പക്ഷം അങ്ങനെ ചെയ്യാത്തതിനുള്ള എല്ലാവിധ കുഴപ്പങ്ങളും അവർ സൃഷ്ടിച്ചു വിടുന്ന സിനിമകൾക്കും ഉണ്ടാകും. നിലവിലുള്ള ഗുരുതരമായ പ്രശ്നം ഗൗരവതരമായി പുസ്തകം വായിക്കുന്നവരുടെ ശതമാനം അഞ്ചോ ആറോ മാത്രമായി ചുരുങ്ങി എന്നതാണ്. അതിന്റേതായ സാംസ്കാരിക മൂല്യത്തകർച്ച എല്ലാ മേഖലയിലും കാണാനുമുണ്ട്. ഇപ്പോഴത്തെ സീരിയലുകളുടെ നിലവാരത്തെക്കുറിച്ചു അക്കാദമി ചെയർമാൻ പ്രേംകുമാറിന്റെ പ്രസ്താവന ഓർക്കുമല്ലോ. ആദ്യകാലങ്ങളിൽ ദൂരദർശനിൽ ശരാശരി നിലവാരം പോലും പുലർത്താത്ത ഒറ്റ സീരിയൽ പോലും ഉണ്ടായിരുന്നില്ല. ഇന്ന് സിനിമയുടെ കാര്യത്തിലായാൽ പോലും കളക്ഷൻ ഉണ്ടാക്കുക എന്നത് മാത്രമാണ് മാനദണ്ഡമായി കണക്കാക്കപ്പെടുന്നത്. പണസമ്പാദനത്തെ ന്യായമായി കണക്കാക്കാമെങ്കിലും നിലവാരത്തകർച്ചയെ ഒരുതര

ത്തിലും ന്യായീകരിക്കനാവില്ല. ഇന്ന് മാന വിക പ്രസക്തിയുള്ള സിനിമകളെടുക്കാൻ നിർമാതാക്കൾ തയ്യാറാകുന്നില്ല. ആഴത്തിലുള്ള പഠനങ്ങളിലൂടെയും സൃഷ്ടിച്ചെടുത്ത മികച്ച കലാശില്പങ്ങൾ തന്നെയാണ് അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെയും കേരളത്തിന്റെയും ഒക്കെ പേരു പ്രശസ്തമാക്കുന്നത്.

എങ്കിലും കേരളം പലപ്പോഴും നല്ല സിനിമ കളെ അംഗീകരിക്കാൻ മടി കാണിക്കുന്നു. അടൂരിന്റെ സ്വയംവരം എന്ന ചിത്രത്തിന് ദേശീയ തലത്തിൽ ബെസ്റ്റ് ഫീച്ചർ ഫിലിം അടക്കം നാല് ദേശീയ അവാർഡുകൾ കി ട്ടിയപ്പോൾ കേരളത്തിൽ നിന്ന് മികച്ച ചിത്ര ത്തിനോ മികച്ച സംവിധായകനോ ഒരു അവാർഡ് പോലും കിട്ടാതിരുന്നതും ഓർക്കുന്നു. ആ സിനിമ ഇന്ന് ലോക മെമ്പാടുമുള്ള ഫിലിം ഫെസ്റ്റിവലുകളി ലും ഫിലിം സൊസൈറ്റികളിലും പ്രദർശി പ്പിക്കപ്പെടുന്നുമുണ്ട്. അന്ന് മികച്ച സിനിമ യ്ക്കുള്ള സംസ്ഥാന അവാർഡ് കിട്ടിയ സിനിമയെപ്പറ്റി ഇന്നാരെങ്കിലും ഓർക്കുന്നു ണ്ടോ എന്ന് തന്നെ സംശയമാണ്. ഇതു തന്നെയാണ് മികച്ച സിനിമയുടെ പ്രത്യേ കതയും പ്രാധാന്യവും. സിനിമയുടെ പരിണാമ ചരിത്രം പഠിക്കുന്നതിലൂടെ മാത്രമേ നല്ല സിനിമ എടുക്കുന്നതിലേക്ക് വളരുവാനും മറ്റുള്ളവരെ നയിക്കുവാനും വിദ്യാർത്ഥികൾക്ക് സാധിക്കുകയുള്ളൂ.

മലയാള ഭാഷക്ക് കൂടിപ്പോയാൽ നാലോ, അഞ്ചോ നൂറ്റാിന്റെ പഴക്കമേയുള്ളൂ. എങ്കിലും മറ്റു ഭാഷകളെ അപേക്ഷിച്ച് മലയാ ളം വളരെയേറെ മുന്നോട്ടു പോയിരിക്കുന്നു. ഇതിന്റെ പ്രധാന കാരണം കേരളത്തിൽ മാസ് കമ്മ്യൂണിക്കേഷൻ അഥവാ പത്രപ്രവർത്തനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെയേറെ മുന്നിലായിരുന്നു എന്നുള്ളതാണ്. മലയാള ലിപികളിൽ നടത്തിയ പരിഷ്കരണവും, അച്ചടി പ്രസ്ഥാനങ്ങളുടെ മുന്നേറ്റവും, മികച്ച ജേർണലിസ്റ്റുകളുടെ പ്രവർത്തനവും ഇതിനെ ത്വരിതപ്പെടുത്തി എന്നും കാണാം. ലോകത്തിന്റെ അനന്തമായ അറിവുകളി ലേക്ക് വലിയ വാതായനങ്ങൾ തുറന്നിട്ട ജേർണലിസത്തിന്റെ വൻ സാധ്യതകൾ അറിഞ്ഞു പ്രവർത്തിക്കാൻ പുതിയ വിദ്യാർത്ഥികൾക്ക് സാധിക്കണം. ഇതേ പോലെ തന്നെ ലോകത്തിലെ മറ്റ് രാജ്യങ്ങ ളിലെ ജീവിതവും, സംസ്കാരവും, രീതികളു മൊക്കെ അറിയുന്നതിന് ലോക സിനിമകൾ കാണുകയും വേണം. ഫിൽക്ക ഫിലിം സൊസൈറ്റി ഓരോ മാസവും തികച്ചും സൗജന്യമായി ലോക ക്ലാസിക്കുകൾ പ്രദർശിപ്പിക്കുന്നതിന്റെയും ഫിലിം സംബ ന്ധിയായ മാഗസിനുകൾ ഇറക്കുന്നതി ന്റെയും പ്രധാന ഉദ്ദേശവും ഇതുതന്നെ യാണ്. മാഗസിനിലൂടെ പുതിയ ലേഖകർക്ക് മികച്ച പരിശീലനമാണ് ലഭിക്കുന്നത്.

പരിശീലന ക്ലാസുകളെ തുടർന്ന് വിശ ദമായ ചർച്ചയും വിദ്യാർത്ഥികളുടെ സംശയനിവാരണവും നടത്തുകയുണ്ടായി. ജേർണലിസത്തെക്കുറിച്ച് ആഴത്തിലുള്ള ഉൾക്കാഴ്ച നൽകുന്നതായിരുന്നു ഈ സെഷൻ. വിവിധ മേഖലകളിൽ പ്ര വർത്തിക്കുന്ന വ്യക്തികൾ ചർച്ചകളിൽ പ ങ്കെടുത്തതു കൊണ്ടു തന്നെ വ്യത്യസ്ത മായ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും സംശയങ്ങളും ഒക്കെ ചർച്ചക്കെടുക്കപ്പെട്ടു. ശില്പശാല തങ്ങൾക്ക് വളരെയധികം പ്രയോജനം ചെയ്തുവെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. ജേർണലിസം വിദ്യാർ ത്ഥികളും ഈ കൂട്ടത്തിലുണ്ടായിരുന്നു. IFFK യെ പുതിയ ആവേശത്തോടെ സമീപിക്കാൻ ഉതകുന്നതായിരുന്നു ശില്പശാല ●

# PHOTO GALLERY

















PHOTO GALLERY


















January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
G.ARAVINDAN FILM FESTIVAL



## PHOTO GALLERY



















# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar

UPI ID: vinku72@oksbi

Scan to pay with any UPI app


Film Vision Monthly January 2025.Rs 2/-RNI-KER/BIL/2002/8043

**Membership**


| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090



വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150



13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ജലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

CHIEF EDITOR : DR. B. RADHAKRISHNAN * ASSOCIATE EDITOR: DR. LALITHA GOURI *
SUB EDITORS : JYOTHISHKUMAR.P.S. , GIRIJA SURENDRAN.* DESIGN: SHAJI CAD *
CIRCULATION: VINODKUMAR. P. * SOCIAL MEDIA: JIJO JACOB *
EDITOR AND PUBLISHER: DR. SABU SANKAR,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com